

# ആർ. രാമചന്ദ്രൻ നായർ

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ 1929 ഏപ്രിൽ നാലിനാണ് ആർ. ആർ. സി. യുടെ ജനനം. പിതാവ് വി. കെ. നാരായണപിള്ള പുന്നപ്രയിൽ ആധാരമെഴുത്തുകാരനായിരുന്നു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അമ്മാവനാണ്.

ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്നും അദ്ദേഹം ഇൻറർമീഡിയററ് പാസായി. അമ്പലപ്പുഴ എസ്. ബി. കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് അതേ കോളേജിൽ തന്നെ ബി. കോം. പരീക്ഷയ്ക്കിരുന്ന് തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്നും 1952ൽ രണ്ടാംറാങ്ക് കരസ്ഥമാക്കി അതേ വർഷം ചങ്ങനാശ്ശേരി എൻ. എസ്. എസ. കോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു.

1957-ൽ അലിഗർ സർവ്വകലാശാലയിൽ നിന്നും എം. കോം. ബിരുദം നേടി. 1960-ൽ പ്രൊഫസറും 1968-ൽ പോസ്ററ് ഗ്രാജ്വേററ് പ്രൊഫസറുമായ ആർ. ആർ. സി 1971-ൽ ഒററപ്പാലം എൻ.എസ്.എസ്. കേളേജിൽ പ്രിൻസിപ്പലായി.

1971-ൽ ഡയറക്ട് പേമെൻറിനു വേണ്ടി നടത്തിയ സമരത്തിൽ പങ്കെടുക്കുന്നതിന് പണിമുടക്കു നോട്ടീസും പ്രിൻസിപ്പൽ സ്ഥാനത്തുനിന്നുള്ള രാജികത്തും ഒരേസമയം സമർപ്പിച്ചുകൊണ്ട് അക്കാലത്ത് എ കെ പി സി ടി എ ജനറൽസെക്രട്ടറിയായിരുന്ന അദ്ദേഹം പ്രക്ഷോഭത്തിന് നേതൃത്വം നല്കി.

1962 മുതൽ സംഘടനയുടെ വർക്കിംഗ് കമ്മിററി അംഗമായി. 1963 മുതൽ 1973 വരെ സെക്രട്ടറിയായും 1977 മുതൽ 1980 വരെ പ്രസിഡൻറായും സേവനമനുഷ്ഠിച്ചു. 1967 മുതൽ അഖിലേന്ത്യാ സംഘടനയായ ഐഫെക്ടോയുടെ സൗത്ത് സോൺ സെക്രട്ടറിയായും പ്രവർത്തിച്ചു. ഇരുപതുകൊല്ലത്തോളം കേരള-കോഴിക്കോട് സർവ്വകലാശാലകളുടെ സെനററംഗമായിരുന്നു. ഇരു സർവകലാശാലകളിലും ഫാക്കൽടി അംഗം, ബോർഡ് ഓഫ് സ്ററഡീസ് ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. കേരള സർവകലാശാലയുടെ സ്റററ്റ്യൂട്ടറി ഫിനാൻസ് കമ്മററി അംഗമായും പ്രവർത്തിച്ചു. 1968 മുതൽ കാലിക്കററ് സർവ്വകലാശാല സെനററ് അംഗമായിരുന്ന അദ്ദേഹം 1980-ൽ സിൻഡിക്കേററിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ പ്രൊഫസറായിരിക്കെ 1984-ൽ സർവ്വീസിൽ നിന്നും വിരമിച്ചു.

റിട്ടയർ ചെയ്തശേഷം ദേശാഭിമാനിയിൽ അസിസ്റ്റൻറ് മാനേജരായി കുറച്ചുകാലം പ്രവർത്തിച്ചു. 1989ൽ ഉപഭോക്തൃ തർക്കപരിഹാര കൗൺസിലിൻെറ സംസ്ഥാനസമിതി അംഗമായി നിയമിക്കപ്പെട്ടു. ആ സ്ഥാനത്ത് തുടർന്നുവരവെയാണ് 1991 ഡിസംബർ 4ന് ഹൃദ്രോഗം മൂലം തിരുവനന്തപുരത്ത്‌വച്ച് ആർ. ആർ. സി. അന്തരിച്ചത്. □

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ കെ പി സി ടി എ മുഖപത്രം □ നമ്പർ 102 □ ഡിസംബർ 1991 □ എഡിററർ: വി. എൻ. മുരളി □ മാനേജിംഗ് എഡിററർ: കെ. പി. ദിവാകരൻ നായർ □ പത്രാധിപസമിതി: ജോർജ് സെബാസ്റ്റ്യൻ, ടി. എൻ. രാമൻ പിള്ള, പി. ജി. ചന്ദ്രശേഖരൻ നായർ, ഡോ. കെ. ബി. പവിത്രൻ, രാജേന്ദ്രൻ, ജോണി കെ. ജോൺ, ജോർജ് □
വിലാസം: എഡിററർ, വസന്തം, ചെമ്പകശ്ശേരി നഗർ, കേശവദാസപുരം, തിരുവനന്തപുരം □ മാനേജിംഗ് എഡിററർ; അശ്വതി, എൽ ഐ സി ലെയിൻ 'ബി', പട്ടം, തിരുവനന്തപുരം-4 □ മുഖചിത്രം: ആർ. ആർ. സി.

# നമ്മുടെ ആർ. ആർ. സി.

പ്രൊഫ. ആർ. രാമചന്ദ്രൻ നായർ അന്തരിച്ചു. ആർ. ആർ സി. എന്ന ചുരുക്കപ്പേര് പ്രൈവറ്റ് കോളേജധ്യാപകരുടെ ആവേശമായിരുന്നു. അസംഘടിതരായ അധ്യാപകരിൽ അവകാശബോധവും സംഘടനാബോധവും വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കാണ് അദ്ദേഹം വഹിച്ചത്. 1958ൽ എ കെ പി സി ടി എ രൂപം കൊള്ളുമ്പോൾ പ്രൈവറ്റ് കോളേജധ്യാപകന്റെ ശമ്പളം 125 രൂപയാണ്. അതുതന്നെ കൃത്യമായി കിട്ടുമായിരുന്നില്ല. മാനേജർക്ക് എപ്പോൾ വേണമെങ്കിലും അധ്യാപകരെ പിരിച്ചുവിടാം. കൊല്ലന്റെ ആലയിലെ മുയലിനെപ്പോലെ ഓരോ അടിവീഴുമ്പോഴും ഞെട്ടിവിറയ്ക്കേണ്ട സ്ഥിതി. ഈ ദുരവസ്ഥയിൽ, ഭീകരന്മാരായ മാനേജരന്മാർക്ക് നേരേനിന്നു പൊരുതാൻ ആർ. ആർ. സി. യെപ്പോലെ അപൂർവ്വം ചിലർ മുമ്പിൽവന്നു. കരുത്തുറ്റ സംഘടന അവർ വളർത്തിയെടുത്തു. ആദ്യമൊക്കെ നിവേദനം നല്കുന്നതിൽ മാത്രം ഒതുങ്ങിനിന്നു സംഘനാപ്രവർത്തനം. അതുകൊണ്ട് പ്രയോജനമില്ലെന്നുകണ്ട് സംഘടനയെ പ്രതിഷേധത്തിന്റെയും സമരത്തിന്റെയും പാതയിലേയ്ക്ക് നയിച്ച് അവകാശങ്ങൾ പിടിച്ചു പറ്റാൻ സഹായിച്ചവരിൽ പ്രധാനിയായിരുന്നു ആർ. ആർ. സി.

സംഘടന ഒറ്റപ്പെട്ട ഒരു തുരുത്തല്ലെന്നും സമൂഹപ്രവാഹത്തിന്റെ ഭാഗമാണെന്നുമുള്ള തിരിച്ചറിവ് പ്രൈവറ്റ് കോളേജധ്യാപകരിൽ വളർത്തിയെടുത്തത് ചെറിയകാര്യമല്ല. മറ്റു പലസംഘടനകളും കെട്ടിനില്ക്കുന്ന തടാകം പോലെ ഒറ്റപ്പെട്ടുദുഷിച്ചപ്പോൾ എ. കെ. പി. സി. ടി. എ യ്ക്ക് മറ്റുള്ളവരോടൊപ്പം പൊരുതുന്ന ശക്തിയുടെ ഭാഗമായി മാറാൻ കഴിഞ്ഞത് ആർ. ആർ. സി. യെപ്പോലുള്ളവരുടെ കാഴ്ചപ്പാടിന്റെ ശരിമകൊണ്ടാണ്. അതുകൊണ്ടു തന്നെ എകെപിസിടിഎ, അഖിലേന്ത്യാസംഘടനയായ 'ഐഫക്ടോ' യുടെ അവിഭാജ്യഘടകമായി മാറി. ഗവൺമെന്റ് കോളേജധ്യാപക സംഘടനയായ എ കെ. ജി. സി. ടി. യുമായി യോജിച്ച് കോളേജധ്യാപക സമരസമിതിയുണ്ടാക്കി. അധ്യാപക സർവ്വീസ് സംഘടനകളുടെ ഐക്യസമരസമിതിയുമായി ഒരുമിച്ചുചേർന്ന് അതിശക്തമായ സമരങ്ങൾക്ക് നേതൃത്വം നല്കി.

കരുത്തന്മാരായ മാനേജുമെന്റുകളുമായി നേർക്കുനേർനിന്നുള്ള പോരാട്ടത്തിൽ, ആർ. ആർ. സിയുടെ നേതൃത്വത്തിൽ, കോളേജധ്യാപകർ കൊയ്തെടുത്ത വിജയം കുറച്ചൊന്നുമല്ല. തിരുവായ്ക്കെതിർവായില്ലാത്തതരത്തിൽ വിരാജിച്ചിരുന്ന മാനേജുമെന്റുകളെ നിരവധി സമരപരമ്പരകളിലൂടെ ഒടുവിൽ ഒന്നുമല്ലാതാക്കിമാറ്റുന്നതിൽ സംഘടന വിജയിച്ച 1952ൽ ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജിൽ അധ്യാപകനായി പ്രവേശിച്ച ആർ. ആർ. സി. 1984ൽ മഞ്ചേരി കോളേജിൽ നിന്നും വിരമിക്കുന്നതുവരെ നിരന്തരം മാനേജുമെന്റിന്റെ പീഡനത്തിന് വിധേയനായിരുന്നു. ഹൃദ്രോഗിയായ അദ്ദേഹത്തെക്കൊണ്ട് മഞ്ചേരികുന്നു കയറ്റിക്കുന്നതിലായിരുന്നു മാനേജുമെന്റിനു രസം.

യൂണിവേഴ്സിറ്റി സമിതികളിൽ അംഗമായിരിന്നുകൊണ്ട് ആർ. ആർ. സി. അധ്യാപകർക്കുവേണ്ടി നടത്തിയ സേവനം മാതൃകാപരമായിരുന്നു. എതാണ്ട് ഇരുപതുവർഷത്തോളം കേരള-കാലിക്കട്ട് സെനറ്റുകളിൽ അദ്ദേഹം അംഗമായിരുന്നു. 1980ൽ കാലിക്കട്ട് സിൻഡിക്കേറ്റിലും അംഗമായി. അതുപോലെ അധ്യാപകരുടെ ''മഗ്നാകാർട്ടാ'' എന്നുവിശേഷിപ്പിക്കുന്നു യൂണിവേഴ്സിറ്റി നിയമം തയ്യാറാക്കുന്നഘട്ടത്തിലും അസംബ്ളിയിൽ പാസ്സാക്കിയെടുക്കുമ്പോഴും പിന്നിൽ പ്രവർത്തിച്ച പ്രധാനശക്തയും ആർ. ആർ. സി. ആയിരുന്നു.

സർവ്വീസിൽ പ്രവേശിച്ചനാൾ മുതൽ വിരമിക്കുന്നതുവരെ സംഘടനയുടെ വളർച്ചമാത്രം ലക്ഷ്യമാക്കി നിസ്വാർത്ഥമായി അദ്ദേഹം പ്രവർത്തച്ചു. സ്വന്തം ജീവിതവും സംഘടനയും ഒന്നെന്നരീതിയിൽ ലയിച്ചു ചേർത്തുള്ളതായിരുന്നു ആ പ്രവർത്തനം. ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരുന്ന ആരോഗ്യ പ്രശ്നങ്ങളുടെ പേരിൽ ഒരിക്കലും അദ്ദേഹം പ്രവർത്തനത്തിൽ നിന്നും മാറിനിന്നിരുന്നില്ല.

സംഘടനാപ്രവർത്തനത്തിന് പ്രാപ്തിയുള്ള അനേകം പ്രവർത്തകരെ കണ്ടെത്താനും വളർത്തിയെടുക്കാനുമുള്ള നേതൃത്വപരമായ പങ്കും ആർ. ആർ. സി. നിർവ്വഹിച്ചിട്ടുണ്ട്. തിരിയിൽ നിന്നുകൊളുത്തിയ പന്തം പോലെ സംഘടനയെ മുന്നോട്ടുകൊണ്ടു പോകാൻ അവർക്കുകഴിയും. പ്രൈവറ്റ് കോളേജധ്യാപകർക്കുമാത്രമല്ല തൊഴിലെടുത്തു ജീവിക്കുന്ന ഏവർക്കും ആർ. ആർ. സി. യുടെ പ്രവർത്തനശൈലി എന്നും മാതൃകയായിരിക്കും.

ആർ. ആർ. സി. യുടെ വേർപാടിൽ മനംനൊന്തുകഴിയുന്ന കുടുംബാംഗങ്ങളുടെ തീരാദുഃഖത്തിൽ എ. കെ. പി. സി. ടി. എ. പ്രവർത്തകരും പങ്കുചേരുന്നു. □

# കർമ്മനിരതനായ ആർ. ആർ. സി.

പി. നരേന്ദ്രൻ

ആർ. ആർ. സി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പ്രൊഫ. ആർ. രാമചന്ദ്രൻ നായർ സ്വകാര്യ കോളേജധ്യാപകരുടെ അനിഷേധ്യ നേതാവ് - കോളേജദ്ധ്യാപകർ ഇന്നനുഭവിക്കുന്ന മെച്ചപ്പെട്ട വേതനം, നിയമാധിഷ്ഠിത സേവന ഭദ്രത, സർവ്വോപരി സമൂഹത്തിൽ ഉയർന്ന സ്ഥാനം എന്നിവ നേടിയെടുക്കുന്നതിനുവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞു വച്ച മഹാത്മാവ് - ഇന്ന് നമ്മോടൊപ്പം ഇല്ല. ആർ. ആർ. സി. കേവലം ഒരു വ്യക്തിയായിരുന്നില്ല ഒരു പ്രസ്ഥാനം തന്നെയായിരുന്നു. അസംഘടിതരും ചൂഷിതരുമായിരുന്ന കേരളത്തിലെ സ്വകാര്യ കോളേജധ്യാപകരെ അടിമത്തത്തിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിപ്പിച്ച കരുത്തുററ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. സർവ്വീസിൽ നിന്നും പിരിഞ്ഞു കഴിഞ്ഞതിനുശേഷവും എ. കെ. പി. സി. ടി. എ യിൽ നിന്നും വിട്ടു പിരിയുക എന്നത് അദ്ദേഹത്തിന് ഹൃദയഭേദകമായിരുന്നു. കേരളത്തിൽ എവിടെയെത്തിയാലും സ്വകാര്യ കോളേജധ്യാപകരോടൊപ്പം കഴിയുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. എ. കെ. പി. സി. ടി എ. യും ആർ. ആർ. സി. യേയും വേർതിരിച്ചു കാണുക തികച്ചും അസാദ്ധ്യമാണ്.

എ കെ. പി. സി. ടി. എ. യുടെ ചരിത്രം ആർ. ആർ. സി. യുടെ ചരിത്രം കൂടിയാണ്. 1961-ൽ സംഘടിപ്പിച്ച കോൺവൊക്കേഷൻ വേഷത്തിലുള്ള പ്രകടനം മുതൽ ഏററവും ഒടുവിൽ നടന്ന 1990-ലെ യു. ജി. സി. സമരം വരെ എല്ലാ സമരങ്ങളിലും ആർ. ആർ. സി. യുടേതായ സംഭാവനകൾ ഉണ്ടായിരുന്നു. കേരളത്തിലെ സ്വകാര്യ കോളേജധ്യാപകർക്ക് ക്ഷാമബത്ത നൽകുന്നതിന് അഞ്ചു ലക്ഷം ഉറുപ്പിക സംസ്ഥാന ബജററിൽ വക കൊള്ളിക്കാൻ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മുണ്ടശ്ശേരി മാസ്ററെ പ്രേരിപ്പിച്ചവരിൽ പ്രൊഫസർ ആർ. ആർ. സിയും ഉണ്ടായിരുന്നു. 1962-ൽ അന്നത്തെ യു. ജി. സി. ശമ്പള നിരക്കുകൾ അനുവദിക്കുന്നതിനും അതിലേക്ക് ഒരു ഗ്രാൻറ്-ഇൻ-എയഡ് കോഡ് രൂപീകൃതമാക്കുന്നതിനും തുടക്കം കുറിച്ചത് സംസ്ഥാനബജററിലെ വക കൊള്ളിക്കലായിരുന്നു എന്നുള്ളത് ആ തീരുമാനത്തിൻെറ പ്രാധാന്യം വിളിച്ചോതുന്നു.

അറുപതുകൾക്ക് മുമ്പ് കേരളത്തിലെ കോളജദ്ധ്യാപകരുടെ സ്ഥിതി തുലോം പരിതാപകരമായിരുന്നു. തുച്ഛമായ വേതനം, പിരിച്ചുവിടൽ എന്ന ഡെമോക്ലീസിൻെറ ഖഡ്ഗം സൃഷ്ടിച്ചിരുന്ന മാനസിക സംഘർഷം, അതിൽനിന്നും ഉടലെടുത്ത അപകർഷതാബോധം സാമൂഹ്യമായി അനുഭവപ്പെട്ടിരുന്ന അവഗണന, അക്കാരണത്താൽ തന്നെ മററു ജനവിഭാഗങ്ങളിൽനിന്നും ഒററപ്പെട്ട് സ്വന്തം ഓട്ടിക്കുള്ളിലേക്ക് ഒതുങ്ങിനിൽക്കാനുള്ള പ്രവണത- ഇതൊക്കെയായിരുന്നു ഒരു സ്വകാര്യ കോളജദ്ധ്യാപകൻെറ അന്നത്തെ സ്ഥിതി. മാനേജ്മെൻറുകളുടെ താന്തോന്നിത്തത്തിനെതിരെ ഒന്നുറക്കെ പ്രതിഷേധിക്കുവാൻ അക്കാലത്ത് സാദ്ധ്യമായിരുന്നില്ല. അതിന് തുനിഞ്ഞ പോൾ സാറിൻേറയും മുണ്ടശ്ശേരി മാസ്ററുടേയും, ദേവദാസ് മാസ്ററുടെയും കഥകൾ നമുക്ക് അറിവുള്ളതാണല്ലോ. ശമ്പളസ്കെയിൽ എന്നൊന്ന് സ്വകാര്യകോളജദ്ധ്യാപകർക്ക് നിലവിലില്ലായിരുന്നു. ഒപ്പിട്ടുകൊടുക്കുന്ന സംഖ്യ പുർണ്ണമായും ലഭിച്ചിരുന്നുമില്ല. വെക്കേഷൻ കാലത്തെ ശമ്പളത്തെപ്പററി പിന്നെ പ്രത്യേകിച്ച് എഴുതേണ്ടതില്ലല്ലോ. പ്രബലസാമുദായിക ശക്തികളായിരുന്ന മാനേജ്മെൻറുകളുടെ നുകത്തിൻെറ കീഴിൽ ഇപ്രകാരം കഴിഞ്ഞുവന്നിരുന്ന അദ്ധ്യാപകരെ അവകാശബോധമുള്ള, പണിയെടുത്ത് ഉപജീവനം കഴിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളോടുമൊപ്പം അണിനിരക്കാനും ഒരുശക്തമായ സംഘടന കെട്ടിപ്പടുത്ത് നേട്ടങ്ങൾ കൊയ്തെടുക്കാനും കെല്പുള്ളവരാക്കിയതിന് നേതൃത്വം നൽകിയ പ്രമുഖരിൽ ഒരു പ്രധാനിയായിരുന്നു ആർ. ആർ. സി.

1958 ൽ എ. കെ. പി. സി. ടി. എ. രൂപീകൃതമായത് അന്ന് കേരളത്തിൽ ഉയർന്നു വന്ന രാഷ്ട്രീയ സാഹചര്യം കൊണ്ട് കൂടിയായിരുന്നു. സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് നിയമാധിഷ്ഠിത സേവന ഭദ്രതയോടൊപ്പം ''ഡയറക്ട് പേമെൻറ്'' കൂടി ലഭിക്കുന്നു എന്നറിഞ്ഞപ്പോൾ, സർക്കാരിൽ നിവേദനം സമർപ്പിക്കുവാനും അതിലൂടെ ചില്ലറ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുന്നതിനും വേണ്ടിയായിരുന്നു അഖില കേരളാടിസ്ഥാനത്തിൽ ഒരു സംഘടന രൂപീകൃതമായത്. തുടക്കത്തിൽ എല്ലാ മാനേജ്മെൻറുകളും സംഘടനയെ മുളയിലെ തന്നെ നുള്ളിക്കളയാൻ ശ്രമിക്കാതിരുന്നില്ല. എന്നാൽ ശമ്പള വർദ്ധനവിനും ക്ഷാമബത്തക്കും വേണ്ടി നാം ഉയർത്തിയ ആവശ്യങ്ങൾ അംഗീകൃതമാകുകയും അതിലേക്ക് ഒരു ഗ്രാൻറ് ഇൻ എയിഡ് കോഡ് നിലവിൽ വരികയും ചെയ്തതോടുകൂടി ഓരോ ശമ്പള പരിഷ്ക്കാരവും ഗ്രാൻറിൻെറ ശതമാനവും വർദ്ധിപ്പിച്ചു. ഈ സന്ദർഭത്തിലാണ് പല മാനേജ്മെൻറുകളും എ കെ പി സി ടി എ യുടെ രക്ഷിതാക്കളായി രംഗപ്രവേശനം ചെയ്തത്. നിയമാധിഷ്ഠിത സേവന ഭദ്രതയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭ സമരങ്ങൾക്ക് എ കെ പി സി ടി എ തുടക്കം കുറിച്ചപ്പോൾ ലളിത വേഷ ധാരികളായിരുന്ന പൂതനമാരുടെ യഥാർത്ഥരൂപം വെളിപ്പെട്ടു. മാനേജ്മെൻറുകളുടെ ഈ ചങ്ങാത്തം ആത്യന്തികമായി അദ്ധ്യാപകർക്ക് അപകടം ആയിരിക്കും സൃഷ്ടിക്കുക എന്ന് ആർ.ആർ.സി ക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞു. ആ അപകടം ഒരിക്കലും ഉണ്ടാകാതിരിക്കാൻ മാനേജുമെൻറ് വിരുദ്ധ നിലപാടിലടിയുറച്ചു നിന്നുകൊണ്ടുള്ള ശക്തമായൊരു സംഘടന കെട്ടിപ്പടുക്കാൻ ആർ.ആർ.സി. നേതൃത്വം നല്കി. ഇവ രണ്ടുമാണ് ആർ.അർ.സി യുടെ ഏററവും വലിയ സംഭാവനകൾ. ഈ നയ രൂപീകരണം സംഘടനയ്ക്കകത്ത് അഭിപ്രായ വ്യത്യാസത്തിനിടയാക്കി. പിൽക്കാലത്ത് അവിടവിടെ ശിഥിലീകരണ പ്രവണതക്കും വളം വച്ചു. എന്നിരുന്നാലും വിട്ടുവീഴ്ചയില്ലാതെ തത്വാധിഷ്ഠിതമായ നയത്തിന് വ്യതിയാനം സംഭവിക്കാതിരുന്നത് ആർ.ആർ.സി യുടെ നേതൃത്വപരമായ കഴിവിനെയാണ് വ്യക്തമാക്കുന്നത്.

മാനേജ്മെൻറ് വിരുദ്ധനിലപാട് സംഘടനയുടെ മുഖ മുദ്രയായി തീർന്നതിനാലാണ് 1966 ലെ ഗുരുവായൂരപ്പൻ കോളേജ് സമരം സംസ്ഥാന വ്യാപകമായ ഒരു സമരമായി ഉയർത്താൻ നമുക്ക് കഴിഞ്ഞത് അതിൻെറ പരിസമാപ്തിയാകട്ടെ കോളേജധ്യാപകരുടെ ''മാഗ്നാകാർട്ടാ'' എന്ന് നാം വിശേഷിപ്പിക്കുന്ന 8 ാം അദ്ധ്യായത്തോടു കൂടിയ 1969-ലെ കേരള സർവ്വകലാശാലാനിയമവും. കോടതി വിധികൾ മൂലം ചില്ലറ പരിക്കുകൾ ഏൽക്കുകയുണ്ടായെങ്കിലും അന്നു നാം നേടിയ നിയമാധിഷ്ഠിത സേവന ഭദ്രത ഇന്നും നമുക്ക് പരിരക്ഷ നൽകുന്നു ഈ നിയമ നിർമ്മാണകാലത്ത് ആർ. ആർ സി. വഹിച്ച പങ്ക് ഗണ്യമായിരുന്ന. സെലക്ട് കമ്മിററിക്ക് വിട്ട ബില്ല് ഇന്നത്തെ രീതിയിലായിരുന്നില്ല. 1957 ലെ കേരളസർവ്വകലാശാലാ നിയമത്തിൻെറ ഒരു പതിപ്പുമാത്രമായിരുന്നു. സെലക്ട് കമ്മിററി മുമ്പാകെ പല കേന്ദ്രങ്ങളിൽ നിന്നും തെളിവ് കൊടുപ്പിക്കുന്നതിനും നിയമസഭാ സാമാജികരെ നിരന്തരം കണ്ട് കോളേജദ്ധ്യാപകർക്ക് സേവന സ്ഥിരത ഉറപ്പുവരുത്തുന്ന വകുപ്പുകൾ മാതൃനിയമത്തിൽ തന്നെ ഉൾക്കൊള്ളിക്കുന്നതിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനും അദ്ദേഹം ഒരു ഭഗീരഥ പ്രയത്നം തന്നെയാണ് നടത്തിയത്. 8–ാം അദ്ധ്യായത്തിലെ ഓരോ വകുപ്പും അന്തിമ രൂപം കൊള്ളുന്നതിനുമുൻപ് വിദഗ്ധമായ നിയമ പരിശോധനക്ക് വിധേയമായി. അതിൻെറ ഉത്തരവാദിത്വം ഏറെറടുത്തത് ആർ.ആർ.സി. യാണ്.

1969-ലെ നിയമത്തിലെ, കുററക്കാരായ മാനേജ് മെൻറുകളിൽ നിന്നും ഭരണാധികാരം ഏറെറടുക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്ന വകുപ്പും സ്വകാര്യ മാനേജ്മെൻറുകളെ നിയമാധിഷ്ഠിത സമിതികളാക്കുന്ന വകുപ്പും കോടതി വിധിമൂലം നഷ്ടപ്പെട്ടു.

അത് പരിഹൃതമാകുന്നതിന് വേണ്ടി കൂടിയാണ് 'ഡയറക്ട് പേമെൻറ്'' എന്ന മുദ്രാവാക്യം നമ്മൾ ഉയർത്താൻ തുടങ്ങിയത്. കൃത്യമായി ശമ്പളം ലഭിക്കുക, ഒപ്പിട്ട്കൊടുക്കുന്ന സംഖ്യ പൂർണ്ണമായി ലഭിക്കുക എന്നിവ

(ശേഷം 23-ാം പേജിൽ)

ആർ. ആർ. സി.

# ഐക്യം ശക്തമാക്കുക മുന്നേറുക

## സംഘടനാ ചരിത്രം *

കഴിഞ്ഞ കാൽനൂററാണ്ടിലായി പരന്ന് കിടക്കുന്ന കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ സമരേതിഹാസം തന്നെയാണ് അവരുടെ സംഘടിത പ്രസ്ഥാനമായ എ. കെ. പി. സി. ടി. എ. യുടെയും ചരിത്രം. 1932-ൽ തന്റെയും സഹപ്രവർത്തകരുടേയും ശമ്പളം മാനേജ്മെണ്ട് ഒരു കാരണവുമില്ലാതെ വെട്ടിക്കുറച്ചപ്പോൾ ആ അനീതിക്കെതിരെ ശബ്ദമുയർത്തിയ പ്രൊഫ. എം. പി. പോളിന്ന് അവസാനം ജോലി രാജിവച്ച് പോരേണ്ടിവന്ന നിമിഷം കേരളത്തിലെ സ്വകാര്യ കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ച മുഹൂർത്തമാണെന്ന് പറയാം. കേരളത്തിൽ നാലോ അഞ്ചോ പ്രൈവററ് മേനേജ് മെണ്ടുകളും നൂറിൽതാഴെ അദ്ധ്യാപകരും ഉണ്ടായിരുന്ന ആ നാളുകളിൽ, ഊർജ്ജസ്വലമായ ഒരു സംഘടിത പ്രസ്ഥാനം ഉടലെടുത്തിട്ടില്ലാത്ത അക്കാലത്ത് പോൾ സാറിന്ന് മേനേജ്മെണ്ടിന്റെ ധിക്കാരത്തെ ചെറുത്തു നില്ക്കുവാനുള്ള സാഹചര്യമില്ലായിരുന്നു. 'സേവനം' നടത്തുവാൻ വിധിക്കപ്പെട്ടിട്ടുള്ള സ്വകാര്യകോളേജ് മേനേജ്മെണ്ടുകൾ അവരുടെ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർക്ക് സേവനഭദ്രത വേണമെന്ന് കേട്ടാൽ കലിതുള്ളും എന്നത് എന്നത്തെയും പോലെ ഇന്നും ഒരു വസ്തുതയാണ്. പക്ഷേ, അവരുടെ ഹാലിളക്കങ്ങൾക്ക് ഒട്ടൊക്കെ കടിഞ്ഞാണിടാനും, "പാണ്ടൻനായുടെ പല്ലിനു ശൌര്യം പണ്ടേപോലെ ഫലിക്കാ"താക്കാനും നമ്മുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വ്യവസായ മുതലാളിമാരുടെ ഹീനമായ ലാഭതൃഷ്ണയെ കവച്ചുവെക്കുന്ന പണക്കൊതിയും, അവരനുവർത്തിക്കുന്ന തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങളെ അതിശയിപ്പിക്കുന്ന അദ്ധ്യാപക മർദ്ദനവും സവിശേഷ സ്വഭാവങ്ങളായിട്ടുള്ള സ്വകാര്യ കോളേജ് മേനേജ്മെണ്ടുകൾക്ക് ഒരു പേടിസ്വപ്നമായിത്തന്നെ നമ്മുടെ സംഘടന വളർന്നു വികാസം കൊണ്ടിരിക്കുന്നു.

### ഉത്ഭവം

1958 ഡിസംബർ 21-ാം തീയതി എറണാകുളം സെൻറ് ആൽബെർട്ട്സ് കോളേജിൽ വച്ചാണ് എ. കെ. പി. സി. ടി. എ. രൂപീകരിക്കപ്പെട്ടത്. പ്രൈവററ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന്ന് ബീജാവാപം ചെയ്തത് പ്രൊഫ. എം. പി. പോളായിരുന്നു. അദ്ദേഹത്തിന്റെ അനുഭവവും തുടർന്നു നടത്തിയ ശ്രമങ്ങളും പിൽക്കാലത്ത് സംഘടിത പ്രസ്ഥാനമായി മുന്നോട്ട് കൊണ്ടുപോയത് തിരുവനന്തപുരം എം. ജി. കോളേജ് ലക്ചറർ ആയിരുന്ന ശ്രീ വിജയൻ നായരാണ്. ഈ പ്രസ്ഥാനത്തിന്ന് വ്യക്തമായ ഒരു സംഘടനാരൂപമുണ്ടായത് 1952 മാർച്ച് 16-ാം തീയതിയാണ്. അന്ന് തിരുവനന്തപുരത്ത് നടന്ന കൺവൻഷനിൽ വച്ച് തിരുവിതാംകൂർ യൂനിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് യൂണിയൻ രൂപമെടുത്തു. കൊല്ലം എസ്. എൻ. കോളേജ് പ്രിൻസിപ്പാളായിരുന്ന ശ്രീ. എ. രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. 1956-ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂനിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാററി. 1957-ൽ തിരുവനന്തപുരത്തുവെച്ച് നടന്ന രണ്ടാമത്തെ കൺവൻഷനിൽവെച്ച് ഈ സംഘടന കേരള പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (K.P.C T.A.) എന്നായി രൂപാന്തരപ്പെട്ടു. 1957-ൽ തന്നെ കൊച്ചി മലബാർ പ്രദേശത്ത് പരേതനായ പ്രൊഫ. നാരായണസ്വാമി, പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ-കൊച്ചി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (M. C. P. C. T. A.) എന്നൊരു സംഘടന നിലവിൽ വന്നു. ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1956-ൽ എ. കെ. പി. സി. ടി. എ. ജന്മമെടുത്തത്. പരേതനായ പ്രൊഫ. പി. സി. ജോസഫ് (സെൻറ് തോമസ് കോ

ളേജ്, പാല) പ്രൊഫ: കെ. വേലായുധൻ നായർ (എസ്. എൻ. കോളേജ്, കൊല്ലം) 1979-ൽ അന്തരിച്ച പ്രൊഫ: വി. ആർ. സുബ്രഹ്മണ്യൻ (സെന്റ് തോമസ് കോളേജ്, തൃശ്ശൂർ) തുടങ്ങിയവരാണ് ഈ ലയന സംരംഭത്തിന്ന് മുൻകയ്യെടുത്ത് A. K. P. C. T. A. സ്ഥാപിച്ച നേതാക്കൾ. കേരളത്തിലുടനീളമുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകർ അങ്ങിനെ ഇദംപ്രഥമമായി ഒരു കൊടിക്കീഴിൽ അണിനിരന്നു.

1958-ൽ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ എല്ലാതരത്തിലും കരുണയർഹിക്കുന്ന ഒരു വിഭാഗമായിരുന്നു. തുച്ഛമായ വേതനം, സദാപി തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്ന പിരിച്ചുവിടൽ ഭീഷണി, ശമ്പള വിതരണത്തിൽ കൃത്യതയില്ലായ്മ തുടങ്ങി നിരവധി പരാധീനതകളായിരുന്നു അവരെ നേരിട്ടിരുന്നത്. സംഘടിത പ്രവർത്തനത്തിന്റെ ഫലമായി ഈ അവശതകളിൽ ചിലതിനൊക്കെ ഗണ്യമായ പരിഹാരം ഇന്ന് ഉണ്ടായിട്ടുണ്ട്. 1958-ൽ A. K. P. C. T-A. രൂപീകൃതമായ കാലത്ത് പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ ശമ്പളം വെറും 125 രൂപയായിരുന്നു. (അതിനുമുമ്പ് 100-5.150-200 എന്നായിരുന്നു ശമ്പളസ്കെയിൽ. 100 രൂപ എന്ന അടിസ്ഥാനശമ്പളത്തോടൊപ്പം ഐകരൂപ്യമില്ലെങ്കിലും തുച്ഛമായ ഒരു സംഖ്യ ക്ഷാമബത്തയായും മേനേജ്മെണ്ടുകൾ നൽകിയിരുന്നു. പിന്നീട് മററു തുറകളിൽ ജോലിചെയ്തിരുന്നവരുടെ ശമ്പളവുമായി തട്ടിച്ചുനോക്കിയപ്പോൾ പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ ഈ ശമ്പളം തീരെ തുച്ഛമാണെന്ന് കണ്ടതിനാൽ ഉണ്ടായ ലജ്ജാഭാരം കൊണ്ടോ എന്തോ, തിരുവിതാംകൂർ യൂണിവേഴ്സിററി ലക്ചറർമാരുടെ ശമ്പളം പരിഷ്ക്കരിച്ചു. 125-5-150-10.200 എന്നായിരുന്നു, പരിഷ്ക്കരിച്ച സ്കെയിൽ. ഇതോടൊപ്പം യൂണിവേഴ്സിററി മററൊന്നുകൂടി ചെയ്തു. അതുവരെ കിട്ടിക്കൊണ്ടിരുന്ന ക്ഷാമബത്ത തുടർന്നു കൊടുക്കേണ്ട കാര്യം മാനേജർമാരുടെ വിവേചനാധികാരത്തിന് വിട്ടുകൊടുത്തു. മാനേജർ വിവേചനാധികാരം ശരിക്കും ഉപയോഗിച്ചു! അതുവരെ പല മേനേജ്മെണ്ടുകളും കൊടുത്തിരുന്ന ക്ഷാമബത്ത മേലാൽ കൊടുക്കേണ്ടതില്ലെന്ന് മാനേജർമാർ ഏകകണ്ഠമായി തീരുമാനിച്ചു. ക്രൂരമായ ഈ പരിഷ്ക്കരണത്തിന്റെ സ്വാദറിഞ്ഞവനാണ് ഈ ലേഖകൻ. യൂണിവേഴ്സിററിയുടെ ശമ്പളപരിഷ്ക്കാരത്തിന്നു മുമ്പ് എനിക്കു കിട്ടിക്കൊണ്ടിരുന്ന ശമ്പളം 115 രൂപയും ക്ഷാമബത്ത പത്തു രൂപയുമായിരുന്നു. പുതുക്കിയ ശമ്പള നിരക്ക് വന്നപ്പോൾ എന്റെ ശമ്പളം 125 രൂപയായി; ക്ഷാമബത്ത കിട്ടാതെയുമായി. (ചുരുക്കത്തിൽ, ശമ്പളപരിഷ്ക്കാരം കൊണ്ടുണ്ടായ മൊത്തം വർദ്ധനവ് വട്ടപ്പൂജ്യം) എന്നാൽ തുല്യയോഗ്യതയുള്ള സർക്കാർ കോളേജ് അദ്ധ്യാപകൻ അക്കാലത്ത് തന്റെ സർവ്വീസ് ആരംഭിക്കുന്നത് തന്നെ 300 രൂപ (അലവൻസുകളടക്കം) ശമ്പളത്തിലാണ്. ശമ്പളത്തിന്റെ കാര്യത്തിലും മററ് ആനുകൂല്യങ്ങളുടെ കാര്യത്തിലും സർക്കാർ കോളേജ് അദ്ധ്യാപകർക്കും, പ്രൈവററ് കോളേജ് അദ്ധ്യാപകർക്കും ഇടയിലുണ്ടായിരുന്ന ഈ വിവരണാതീതമായ വ്യത്യാസം ഇല്ലാതാക്കൽ സംഘടനയുടെ ആദ്യകാലപ്രവർത്തനങ്ങളുടെ ഒരു സുപ്രധാന ഭാഗമായിത്തീർന്നു. ശമ്പള പരിഷ്ക്കാരം, സേവനഭദ്രത, ഡയറക്ട് പേയ്മെന്റ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തുടങ്ങി പല അവകാശങ്ങളും നേടുന്നതിന് സംഘടനയുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് നാം അനേകം സമരങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന ഈ പോരാട്ടങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുവാൻ ഈ ചെറിയ ലേഖനത്തിൽ സാദ്ധ്യമല്ലെങ്കിലും നാം കയറിപോന്ന പടവുകളിൽ സുപ്രധാനമായ ചിലവയെപ്പററി ഒരു ലഘുവിവരണം ഈ അവസരത്തിൽ പ്രസക്തം മാത്രമല്ല, ഏറെ ആവശ്യവും ആണെന്ന് തോന്നുന്നു.

## ശമ്പളപരിഷ്ക്കരണം

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒരു സചേതന ഘടകമായ അദ്ധ്യാപകന് മാനമായി ജീവിക്കുന്നതിനുള്ള വേതനം നൽകേണ്ടത് വിദ്യാഭ്യാസത്തിന്റെ ഗുണപരമായ ഉന്നതിക്കുതന്നെ ആവശ്യമാണെന്ന വസ്തുത പ്രബുദ്ധ കേരളത്തിലെ 'വിദ്യാഭ്യാസ വ്യവസായികളും' അധികാരികളും മനസ്സിലാക്കാൻ കൂട്ടാക്കാത്ത ഒരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ഇന്നുമില്ലേ? കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിലാണ് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളത്. ഏതാണ്ട്

(ശേഷം 18-ാം പേജിൽ)

# മുൻപേ പറന്ന പക്ഷി

പ്രൊഫ. അഞ്ചുവന്നി ആർ. രവീന്ദ്രൻ നായർ

ശ്യാമമേഘങ്ങൾ മുട്ടിയുരുമ്മി -
ആർദ്രമാക്കിയ തീരത്തുനിന്ന് —
ഒരു തേങ്ങൽ.
തേങ്ങൽ തരളമായി, താനേ ഒഴുകി—
മൗനം വീണുടഞ്ഞ—
സൗഹൃദത്തിന്റെ—
തരികളിൽ തലോടി
ഓർമ്മകളിൽ ചാലുകീറി,
സാന്ദ്രമാക്കിയ നിമിഷങ്ങൾ—
കിനിയിക്കുന്ന നൊമ്പരം.
വിതുമ്മാതെ പിടിച്ചുനില്ക്കാൻ
ശ്രമിക്കവേ,
ദൂരെ— വളരെ ദൂരെ നിന്ന് —
അലകളായിളകി,
തിരകളായി മാറി,
തീരത്തുവന്ന് തുടിക്കുന്ന—
സംഭവങ്ങളുടെ നിര.
കാററായി, കുളിരായി, കദനമായി,
മനസ്സിൽ, മിഴികളിൽ,
ഈറനായി നില്ക്കുന്നു.
ആർ. ആർ. സി.
നിങ്ങളെനിക്ക് ആരാണ് ?
ഗുരുവോ ? ബന്ധുവോ ?
സുഹൃത്തോ ? നേതാവോ ?
ഇന്ന് നിങ്ങൾ ഇല്ലാതായി,
നിങ്ങളുടെ മരണത്തിന്റെ—
ആത്യന്തികമായ അർത്ഥം,
അത്രയുമാവാം -
അംഗീകരിക്കാൻ എനിക്ക്
കഴിയുന്നില്ല.
ഇതാ ഇവിടെ നീറമിഴികളുമായി—
എന്റെ അമ്മു.
നിങ്ങൾ സമ്മാനിച്ച പേനയിൽ—
തലോടി വിതുമ്പി തളരുന്നു.
ഡിസമ്പർ അവധിക്ക് അവളെ,
അമ്പലപ്പുഴയിലേക്ക്—
നിങ്ങളല്ലേ ക്ഷണിച്ചത് ?
അവൾ വന്നു— നിങ്ങളെ കാണാൻ
നിങ്ങളെ മാത്രം കാണാതെ,
'ബിന്ദു'വിനോട് ഒട്ടിനിന്ന്,
'സിന്ധു'വിന്റെ മിഴികൾ തുടച്ച്—
അവൾ മടങ്ങി.
നടവഴികളിൽ തിരിഞ്ഞു നോക്കവെ,
എവിടെ— എപ്പോഴാണ് നാം അറി
ഞ്ഞത് ?
കരുത്തനായ പ്രിൻസിപ്പലിന്റെ—
വാക്ശരങ്ങൾക്കു മുമ്പിൽ,
പതറാതെ, പദമിളകാതെ-
നിന്ന ധീരമായ മുഖം,
ഞാൻ കാണുന്നു.
നിശ്ശബ്ദരായ സഹപ്രവർത്തകർ,
ഏകാന്തതയുടെ വലയത്തിനുള്ളിൽ,
ആക്രമണങ്ങളെ നേരിടുന്ന-
അചഞ്ചലത്വം ഞാനോർക്കുന്നു.
നിമിഷത്തിന്റെ മൂകതയെഭേദിച്ച്-
ശബ്ദമുയർത്താൻ—
എന്നെ പ്രേരിപ്പിച്ച വികാരം, എന്താ
ണ്?
പുറകിലൊരാളുണ്ടല്ലോയെന്ന—
ആത്മ വിശ്വാസത്തിന്റെ,
സംതൃപ്തി അന്നാമുഖത്ത്—
ഞാൻ കണ്ടറിഞ്ഞതാണ്.
ഒററപ്പാലം— സെൻഗുപ്താ റോ
ഡിലെ-
നമ്മുടെ വീട്- ഇപ്പോൾ നിങ്ങൾ
കാണുന്നില്ലേ?

(ശേഷം 21-ാം പേജിൽ)

സച്ചിദാനന്ദൻ

# ചിരിക്കുന്ന മെഡൂസാ:

## സ്ത്രീ വിമോചനത്തിന്റെ സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് ഒരു വിചാരം

ഐസാക്ക് ദിനെസെന്നിന്റെ ഒരു ചെറുകഥയുണ്ട്; 'ഒഴിഞ്ഞപേജ്.' കഥ പറയുന്നത് ഒരു മുത്തശ്ശിയാണ്. അവർ അവരുടെ മുത്തശ്ശിയിൽനിന്നാണ് കഥ പറയാൻ പഠിച്ചത്. ആ മുത്തശ്ശി അവരുടെയും മുത്തശ്ശിയിൽനിന്നും. ഈ കല പരമ്പരകൾക്കു പകർന്നു കിട്ടുന്നത് ഒരുപദേശത്തോടു കൂടിയാണ്: ''കഥ പറയുന്നയാൾക്ക് കഥയോട്, വിടാത്ത, കെടാത്ത, വിശ്വസ്തതയുണ്ടെങ്കിൽ, കഥ അവസാനിക്കുന്നിടത്ത് മൗനം സംസാരിക്കും.' പോർത്തുഗലിലെ ഒരു കന്യാസ്ത്രീമഠത്തെ ചുററിപ്പററിയാണ് കഥ. അവിടുത്തെ കന്യാസ്ത്രീകൾ നേർമ്മയേറിയ ലിനൻതുണിയുണ്ടാക്കുന്നതിന്നു കേളികേട്ടവരാണ്. തലമുറകളായി കൊട്ടാരത്തിലെ രാജകുമാരിമാർക്ക് ആദ്യരാത്രി ഉപയോഗിക്കാനുള്ള വിരിപ്പുകൾ നൽകുന്നത് അവരുടെ വിശേഷാവകാശമാണ്. വിവാഹപിറേറന്ന് രക്തം പുരണ്ട ഈ വിരിപ്പുകൾ കൊട്ടാരം കാര്യസ്ഥൻ രാജമന്ദിരത്തിന്റെ മട്ടുപ്പാവിൽ തൂക്കിയിടും. എന്നിട്ട് രാജകുമാരിയുടെ കന്യകാത്വം തെളിഞ്ഞതായി പ്രഖ്യാപിക്കും.

മഠത്തിലെ കന്യാസ്ത്രീകൾക്ക് മറെറാരാനുകൂല്യം കൂടിയുണ്ട്: ഇത്തരം വിരിപ്പികളുടെ കന്യാരക്തം പുരണ്ട ഭാഗം വെട്ടിയെടുത്ത് അവർ സ്വർണ്ണച്ചട്ടക്കൂട്ടിൽ സൂക്ഷിച്ചുവെക്കുന്നു. ഓരോന്നിനും കീഴെ കിരീടമുദ്രകുത്തിയ ഒരു തങ്കത്തകിടിൽ അതിന്നുടമയായ രാജകുമാരിയുടെ പേരും എഴുതി വെയ്ക്കുന്നു. രാജകുമാരിമാർ പ്രായ, ചെല്ലുമ്പോൾ മഠത്തിലേയ്ക്ക് രഹസ്യമായി തീർത്ഥയാത്ര നടത്തി ഈ വിരിപ്പുകഷണങ്ങൾകണ്ട് അവയ്ക്കു പിറകിലെ കഥകൾ അയവിറക്കുന്നു.

രക്തം പുരണ്ട ഈ വിരിപ്പുകൾക്കിടയിൽ ഒരെണ്ണം വ്യത്യസ്തമായിരിക്കുന്നു; അതിന്റെ ചട്ടക്കൂട് മററുള്ളവയുടേതുപോലെതന്നെ, താഴെ കിരീടമുദ്രകുത്തിയ തങ്കത്തകിടുമുണ്ട്. പക്ഷേ അതിൽ പേരൊന്നുമെഴുതിയിട്ടില്ല. വിരിപ്പുകഷണമോ, അത് വെടുപ്പായ ഒരൊഴിഞ്ഞ പേജുപോലെയാണ്. അതിന്റെ നിറഞ്ഞ വെളുപ്പിൽ ചോരയുടെ ലാഞ്ഛനപോലുമില്ല.

ആൺകോയ്മയുടെ സാമൂഹ്യപ്രയോഗത്തിലേയ്ക്കും മനോവിജ്ഞാനീയത്തിലേയ്ക്കും വിരൽ ചൂണ്ടുന്നതാണ് ഈ കഥ. കന്യാസ്ത്രീകൾ കന്യകാത്വം സൂക്ഷിക്കുന്നു; രാജകുമാരിമാർ കന്യകാത്വം ഭർത്താക്കൻമാർക്ക് അടിയറ വെക്കുന്നു. പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമായ ഈ രണ്ടു പ്രയോഗങ്ങളെയും നിയന്ത്രിക്കുന്നത് ഒരേ പ്രത്യയശാസ്ത്രമാണ്; സ്ത്രൈണ ലൈംഗികത വിപത്കരമാണ്, അതിനെ പുരുഷൻമാർ കർക്കശമായി നിയന്ത്രിക്കണം. വിവാഹമെന്ന സ്ഥാപനത്തിലൂടെ സ്ത്രൈണ ലൈംഗികതയും പ്രത്യുത്പാദനവും നിയന്ത്രിക്കപ്പെടുന്നതെങ്ങിനെയെന്ന് കഥ സൂചിപ്പിക്കുന്നു. യൂറോപ്പിൽ പലയിടത്തും പത്തൊമ്പതാം നൂററാണ്ടിൽപോലും തന്റെ മകൾ കന്യകയാണെന്ന് വധൂപിതാവ് വരന് ഉറപ്പു നൽകുന്ന ഒരു ചടങ്ങുണ്ടായിരുന്നു. പിതാവിന്റെയും ഭർത്താവിന്റെയും ബഹുമാന്യതയും അനന്തരാവകാശികളുടെ നിയമസാധുതയും ഒന്നിച്ച് ഉറപ്പു വരുത്തുന്നതായിരാന്നു ഈ സംവിധാനം. സ്വത്ത്, നിയമം, സാമൂഹ്യപദവി, രാഷ്ട്രീയാധികാരം – ആൺകോയ്മയുടെ ഘടനകളെല്ലാം ഈ മാന്യതയെയും അവകാശത്തെയും സംരക്ഷിക്കാനുദ്ദേശിക്കപ്പെട്ടവയാണ്. മറെറാരുതലത്തിൽ ദിനെസെന്നിന്റെ കഥ ഒരു സാംസ്കാരിക വിമർശനവുമാണ്; സ്ത്രീയുടെ ഉടൽ പുരുഷാധികാരത്തിന്നു വിധേയമാണ്. ചോരക്കറ പുരണ്ട വിരിപ്പ്, അച്ചടിക്കപ്പെട്ട ഒരു പേജാണ്, അതു പറയുന്നത് ആധിപത്യത്തിന്റെയും പുരുഷന്റെ പ്രത്യേകാവകാശത്തിന്റെയും കഥയാണ്. ഒഴിഞ്ഞ വിരിപ്പിന്റെ നിശബ്ദതയാകട്ടെ, മറെറാരു കഥ പറയുന്നു: നിയമലംഘനത്തിന്റെയും ധിക്കാര

ത്തിന്റെയും കഥ. കറ പുരണ്ട വിരിപ്പും ഒഴിഞ്ഞ വിരിപ്പും സ്ത്രീസ്വാതന്ത്ര്യ വാദത്തിന്റെ രണ്ടു കർത്തവ്യങ്ങളെക്കുറിച്ചോർമ്മിപ്പിക്കുന്നു. ഒന്ന്, വിചാരത്തിലും വ്യവഹാരത്തിലും ഇന്നു നിലനിൽക്കുന്ന പുരുഷമേധാവിത്ത ഘടനകളെ അപനിർമ്മിക്കുക, രണ്ട് മുൻകാലങ്ങളിൽ ഒളിച്ചുവയ്ക്കപ്പെട്ടതോ, അടിച്ചമർത്തപ്പെട്ടതോ, അവഗണിക്കപ്പെട്ടതോ ആയ സ്ത്രൈണാനുഭവത്തെ പുനർ നിർമ്മിക്കുക.

കല, രാഷ്ട്രീയം, തത്വചിന്ത, ശാസ്ത്രം; മനുഷ്യന്റെ സർഗ്ഗാത്മക മേഖലകൾ ഏതെടുത്താലും സ്ത്രീകളുടെ നേട്ടങ്ങൾ പുരുഷൻമാരുടേതിനേക്കാൾ കുറവായി കാണപ്പെടുന്നതെന്തുകൊണ്ടാണ്? പുരുഷാധിപത്യവാദികൾ പ്രചരിപ്പിക്കും പോലെ സ്ത്രീകൾ പ്രകൃത്യാതന്നെ ധിഷണാബലവും പ്രതിഭാബലവും കുറഞ്ഞവരായതുകൊണ്ടാണോ? അതോ സ്ത്രീക്കുചുററും സമൂഹം കെട്ടിയുയർത്തിയിരിക്കുന്ന മുൾമതിലുകൾ അവളുടെ കഴിവുകളെ മുഴുവൻ മുരടിപ്പിക്കുന്നതുകൊണ്ടാണോ?

ഇംഗ്ലീഷ് സാഹിത്യത്തിന്റെ മേഖലയിൽ വെർജീനിയാവൂൾഫ് ഇത്തരമൊരന്വേഷണം നടത്തുകയുണ്ടായി. 'സ്വന്തമായൊരു മുറി' ('A Room of one's Own') എന്ന കൃതി അവരുടെ നിഗമനങ്ങൾ സംക്ഷേപിക്കുന്നുണ്ട്. എഴുതുവാൻ ആദ്യം വേണ്ടത് സ്വന്തമായ ഒരു മുറിയാണ്: ദൈനംദിനജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് അകന്നിരിക്കുവാൻ, അപരരുടെ ശല്യമില്ലാതെ ധ്യാനിക്കുവാൻ, എഴുതുവാൻ, എഴുതിയതുവീണ്ടും വായിച്ചു നോക്കി സ്വയം വിമർശിക്കുവാൻ, തിരുത്തുവാൻ ഒരിടം. 'സ്വന്തമായൊരു മുറി'യെ അക്ഷരാർത്ഥത്തിലെടുത്താലും പ്രതീകാത്മകമായി എടുത്താലും, സ്ത്രീകൾക്ക് ഇന്ന് അങ്ങിനെയൊരിടമില്ലെന്നു കാണാം. നാം പണിയുന്ന വീടുകളിൽ കുടുംബനാഥന് മുറിയുണ്ട്: കുട്ടികൾക്കു മുറികളുണ്ട്, അതിഥികൾക്കുപോലും ഒരു മുറിയുണ്ട്. എന്നാൽ വീട്ടുകാരിക്ക് സ്വന്തമായൊരിടമില്ല. അവൾ എല്ലായിടത്തുമെത്തണം, പക്ഷേ അവൾ എങ്ങുമല്ല. ഏറെ സമയവും അവളുടെ മുറി അടുക്കളയാണ്; പിന്നെ ഒരു പക്ഷേ കുട്ടികൾക്കെന്തെങ്കിലും പറഞ്ഞു കൊടുക്കാനോ ഒരുക്കിപ്പറഞ്ഞയക്കാനോ ആയി കുട്ടികളുടെ മുറിയിൽ: രാത്രി കിടപ്പുമുറിയിലും ഓരോസ്ഥലത്തും അവൾക്ക് ഭാഗങ്ങളഭിനയിക്കണം: പാചകക്കാരിയായി, ആയയായി, ശയ്യാസഖിയായി. അവൾ അവളുടേതല്ല, കുടുംബത്തിന്റെയാണ്. ഏതു സമയവും ഭർത്താവിനും കുട്ടികൾക്കും അവളോട് എന്തും ആവശ്യപ്പെടാം: സ്വന്തം സ്ഥലം മാത്രമല്ല സ്വന്തം സമയവും അവൾക്കില്ല. ഷേക്സ്പിയർ അത്രതന്നെ സർഗ്ഗവൈഭവത്തോടെ പെണ്ണായി പിറന്നിരുന്നെങ്കിൽ പാചകം ചെയ്തും ഉടുപ്പുതുന്നിയും കുട്ടികളെ നോക്കിയും ജൻമം ഒടുക്കുമായിരുന്നുവെന്ന് വെർജീനിയാ വൂൾഫ് പറയുന്നുണ്ട്. ഷേക്സ്പിയർക്ക് പുറം ലോകത്ത് പലതരം മനുഷ്യരുമായി ഇടപെട്ട് നേടാൻ കഴിഞ്ഞ അനുഭവസമ്പത്ത് അവൾക്കുണ്ടാവില്ലായിരുന്നു; സ്ത്രീകൾക്ക് അഭിനയം വിലക്കിയിരുന്ന അന്നത്തെ സമൂഹത്തിൽ അവൾ നാടകവേദിയുമായും ബന്ധപ്പെടില്ലായിരുന്നു; എന്തിന്, അവൾ സ്ട്രാററ്ഫോഡിൽനിന്ന് ലണ്ടനിൽ എത്തിപ്പെടുകതന്നെയില്ലായിരുന്നു. സിമോങ്ങ്ദ് ബുവ്വാവാൻവോവിനെക്കുറിച്ചും ഇതു തന്നെ കണ്ടെത്തുന്നുണ്ട്. 'സെക്കൻറ് സെക്സ്' എന്ന കൃതിയിൽ, 'പെണ്ണായിപ്പിറക്കുന്ന ഓരോ പ്രതിഭയും മനുഷ്യവംശത്തിന്നു നഷ്ടപ്പെടുന്നു' എന്ന് സ്റെറന്താൾ പറഞ്ഞതിന്നും അർത്ഥമിതാണ്. സാമൂഹ്യമായ മുൻവിധികൾ മൂലംമഹത്തായപരിശ്രമങ്ങൾ നടത്താനോ വലിയ വെല്ലുവിളികളെ നേരിടാനോ സ്വന്തം കഴിവുകളുടെമാററുരച്ചുനോക്കാനോ സ്ത്രീകൾക്ക് അവസരങ്ങൾലഭിക്കാതെപോകുന്നു. മററു മേഖലകളിൽ പ്രവർത്തിക്കുമ്പോൾപോലും സ്ത്രീയുടെ ആദ്യമേഖലയായി കരുതപ്പെടുന്ന കുടുംബ ചുമതലകളിൽ നിന്ന് സ്ത്രീക്കു മോചനമില്ല. സോഷ്യലിസ്ററ് സമൂഹങ്ങളിൽ പോലും കുടുംബച്ചുമതലകളുടെ തുടർച്ചയായ ജോലികളാണ് ഏറെയും സ്ത്രീകൾക്കു നീക്കിവെക്കപ്പെടുന്നത്—ഗുമസ്തർ, നഴ്സുമാർ, തൂപ്പുകാർ, അലക്കുകാർ, പാചകക്കാർ, അദ്ധ്യാപകർ. ജോലിക്കും കുടുംബഭാരത്തിന്നുമിടയിൽ സ്ത്രീകൾ വീർപ്പുമുട്ടുന്നു; ആത്മവിശ്വാസത്തോടെ പരീക്ഷണങ്ങളിലേർപ്പെടാൻ അവർക്കാവുന്നില്ല. പല പ്രവർത്തന മേഖലകളും തനിക്കു വിധിക്കപ്പെട്ടതല്ലെന്ന് സ്ത്രീ കരുതുന്നു; പരാജയബോധം ആദ്യം മുതലേ അവളെ വേട്ടയാടുന്നു. ഭർത്താവ് ഏതെങ്കിലും മണ്ഡല

ത്തിൽ ഔന്നത്യം നേടുന്നത് ഭാര്യ അഭിമാനമായിക്കരുതുന്നു. എന്നാൽ അതിനെക്കാളേറെ സ്വയം ഔന്നത്യം നേടാൻ അവർക്കു ഭയമാണ്. അതു ഭർത്താവിനു രസിച്ചില്ലെന്നുവരാം, കുടുംബത്തെ ആകെ അത് അസ്വസ്ഥമാക്കാം, സ്ത്രീ വികാരജീവിയാകണമെന്നാണ് നടപ്പു പ്രതീക്ഷ; ബുദ്ധിജീവിയാകുന്നത് വിവാഹത്തിനുപോലും തടസ്സമായേക്കുമെന്ന് സ്ത്രീ ഭയപ്പെടുന്നു. ഒരു ചിത്രകാരനോ ശില്പിയോ നടനോ സംവിധായകനോ ആകാൻ തീരുമാനിക്കുന്ന യുവാവിന് കുടുംബം പിൻതുണ നൽകിയേക്കാം, എന്നാൽ ഒരു യുവതി അത്തരം തീരുമാനമെടുക്കുന്നത് കുടുംബങ്ങൾ ചെറുക്കുന്നു. തയ്യലും ടൈപ്പിങ്ങും അദ്ധ്യാപനവും മററുമാണ് സ്ത്രീക്കു പററിയതായി അവർ കരുതുന്നത്. നൃത്ത—സംഗീതാദികൾ പോലും വിവാഹം കഴിഞ്ഞു തുടരുന്നത് പിതാക്കളും ഭർത്താക്കൻമാരും ഇഷ്ടപ്പെടുന്നില്ല. ഏതു രംഗത്തും പ്രാഗത്ഭ്യം നേടണമെങ്കിൽ യാത്രയും വായനയും സഹപ്രവർത്തകരുമായുള്ള സംവാദങ്ങളുമെല്ലാം അത്യാവശ്യമാണ്. സ്ത്രീകൾക്ക് ഇവയ്ക്കെല്ലാമുള്ള സമയവും സൗകര്യവും പുരുഷൻമാരേക്കാൾ എത്രയോ കുറവാണ്. ഇതിനൊക്കെ ധീരത കാണിക്കുന്ന സ്ത്രീകൾക്ക് പൊതുജനാഭിപ്രായത്തെയും അപവാദങ്ങളെയും നേരിടാനും തൻെറ തന്നെ മനസ്സിലെ പ്രതിരോധങ്ങളെ മറികടക്കാനും ഏറെ ഊർജ്ജം ചിലവിടേണ്ടിവരുന്നു. പ്രതിഭയുടെ വികാസത്തിന് ആദ്യം വേണ്ടത് സ്വാതന്ത്ര്യമാണ്. എന്നാൽ ഋതിക്ഘട്ടക്കോ ചങ്ങമ്പുഴയോ നയിച്ചപോലൊരു ജീവിതം ഒരു കലാകാരി നയിക്കാൻ തുടങ്ങിയാൽ സമൂഹം അവൾക്ക് ഭ്രഷ്ടും ഭ്രാന്തും വിധിക്കുമെന്നത് തീർച്ചയാണ്. ശില്പിയായ ഗിയാക്കൊമെത്തി തൻെറ കലയ്ക്കായി സ്വയം സമർപ്പിക്കാൻ ഒരു ദരിദ്രജീവിതം തിരഞ്ഞെടുത്തപ്പോൾ അദ്ദേഹത്തിൻെറ ഭാര്യ അദ്ദേഹത്തെ അനുഗമിക്കാൻ തയ്യാറായി. മറിച്ച് ഒരു ഭാര്യ അത്തരമൊരു തിരഞ്ഞെടുപ്പ് നടത്തിയാൽ ഭർത്താവ് ദുരിതം പങ്കുവെയ്ക്കുമെന്നു കരുതാമോ?

സാഹിത്യത്തെസ്സംബന്ധിച്ച് കാര്യങ്ങൾ കുറെക്കൂടി എളുപ്പമാണെന്നു തോന്നാം. ചിത്രകാരിക്കോ ശിൽപ്പിക്കോ വേണ്ട സാമ്പത്തികപിന്തുണ എഴുത്തുകാരിക്ക് വേണ്ട, ഭാഷാപരിചയവും സാഹിത്യത്തെക്കുറിച്ച് ഏകദേശധാരണയും വിദ്യാഭ്യാസത്തിലൂടെ അവർ നേടിയിരിക്കും. (വിദ്യാഭ്യാസരംഗത്തെ വിവേചനങ്ങളെ അതിജീവിക്കാൻ അവർക്കുകഴിഞ്ഞിട്ടുണ്ടെങ്കിൽ) കുട്ടികൾ സ്കൂളിൽപോയിത്തുടങ്ങിയാൽ കുറെ സ്ത്രീകൾക്കെങ്കിലും കുറച്ചൊക്കെ ഒഴിവുസമയവും ലഭിച്ചെന്നുവരും. എഴുത്തുകാരെ അപേക്ഷിച്ച് എഴുത്തുകാരികൾ കുറവു തന്നെയെങ്കിലും ചിത്രകാരികളെയോ ശിൽപ്പികളെയോ അപേക്ഷിച്ചു കൂടുതലായിരിക്കുന്നത് ഇതുകൊണ്ടാണ്. എന്നിട്ടും ഒരു വെർജീനിയാവൂൾഫോ എമിലിബ്രോൺടിയോ അല്ലെങ്കിൽ അമൃതാ പ്രീതമോ കമലാദാസോ—ആയി ഉയരാൻ വളരെക്കുറച്ചെഴുത്തുകാരികൾക്കേ കഴിയുന്നുള്ളൂ. എന്തുകൊണ്ട്?

സാഹിത്യം ഒരു നിയോഗമാണ്. ആന്തരചോദനയിൽ നിന്നാണ് അതുറവെടുക്കുന്നത്. മിക്ക എഴുത്തുകാരും ചെറുപ്രായത്തിൽ തന്നെ അതിൻെറ വിളികേൾക്കുന്നു. പിന്നീട് മുന്നോട്ടുപോകാൻ കഠിനമായ ഇച്ഛാശക്തി വേണം. എഴുത്ത് ലോകത്തെത്തന്നെ അഴിച്ചുപണിയുന്ന ഒരു പ്രക്രിയയാണ്, അതിൻെറ ഉത്തരവാദിത്തം കനത്തതാണ്. ആൺകുട്ടികളിൽ ഈ ഇച്ഛാശക്തി കൂടുതലായുണ്ടാവുന്നു, കാരണം, ചെറുപ്പം മുതലേ ''നീ ഒരാണാണ്, നന്നായി പഠിക്കണം, ഉയരണം, നീ കരയരുത്, തടസ്സങ്ങളെ കൂസരുത്'' എന്നെല്ലാം അവനെ പ്രോത്സാഹിപ്പിക്കാൻ മാതാപിതാക്കളും സുഹൃത്തുക്കളുമുണ്ട്. ഇച്ഛാശക്തി പുരുഷത്വത്തിൻെറ കൊടിയടയാളമായി അവൻ കാണുന്നു. അവൻെറ 'ഈഡിപ്പസ് കോംപ്ലക്സ്' (അബോധമായ പിതൃവിദ്വേഷം) പിതാവിനെ വെല്ലാൻ അവനെ പ്രേരിപ്പിക്കുന്നു. സമൂഹത്തിൽ മൽസരങ്ങളെ നേരിടേണ്ടിവരുന്നതുകൊണ്ട് അവൻ സ്വന്തം കാലിൽ നിൽക്കാൻ, അവഗണനകളെ മറികടക്കാൻ, ശീലിക്കുന്നു. അത് അവൻെറ സർഗ്ഗപരതയെ ഉത്തേജിപ്പിക്കുന്നു. പെൺകുട്ടിയുടെ കാര്യമോ? അവളുടെ മാതൃക അമ്മയാണ് — മിക്കപ്പോഴും പാരമ്പര്യവിശ്വാസിയായി അച്ഛനു കീഴ്പ്പെട്ട് രണ്ടാംകിട മനുഷ്യനായി ജീവിക്കുന്ന അമ്മ. അവളുടെ അഭിലാഷം ആദ്യം മുതലേ ഇങ്ങിനെ പരിമിതമാകുന്നു. പിന്നീട് ഈഡിപ്പസ് കോംപ്ലക്സ് അമ്മയെ എതിർക്കാനും അച്ഛനെ സ്നേഹിക്കാനും അവളെ

പ്രേരിപ്പിച്ചേക്കാം. (പെൺകുട്ടികളിൽ കുറച്ചു മുതിർന്ന ശേഷമാണ് ഈ അവസ്ഥയുണ്ടാകുന്നതെന്ന് ബുവ്വാ പറയുന്നു), അപ്പോഴും അവൾക്ക് അച്ഛനോടുള്ള സ്നേഹം ഒരു വിധേയത്വം മാത്രമാണ്. അയാളുടെ ഒരു നിഴലാകാൻ, ശിഷ്യയാകാൻ, മാത്രമേ അവളാഗ്രഹിക്കുന്നുള്ളൂ. അയാൾ ഒരു സാധാരണപിതാവാണെങ്കിൽ സ്ത്രീകളെക്കുറിച്ച് പുരുഷൻമാരുടെ പതിവുധാരണകളാകുംഅയാൾക്കുണ്ടാവുക. മകൾ വിശ്വസ്തയായൊരു ഭാര്യയും ചുമതലാബോധമുള്ള ഒരമ്മയും വീട്ടുകാരിയുമാകാനാവും അയാളാഗ്രഹിക്കുക. മകൾ അതനുസരിച്ച് സ്വയം രൂപപ്പെടുത്തുന്നു. ഒരു രണ്ടാംകിട മനുഷ്യൻ എന്നു സ്വയം കരുതുന്നതു കൊണ്ട് മൽസരഭാവത്തെക്കാൾ ആശ്രിതഭാവമാണ് അവളിൽ മുന്നിട്ടുനിൽക്കുന്നത്. സമൂഹം 'അബലയായ'' തന്നെ സംരക്ഷിക്കുമെന്നു കരുതുന്നതിനാൽ സ്വാശ്രയത്വം അവളിൽ വളരുന്നില്ല. സമൂഹത്തിനെതിരായ കലാപത്തിലല്ല, അനുരഞ്ജനത്തിലാണ് അവൾ സൗഖ്യം കാണുന്നത്. അനുരഞ്ജനം സർഗ്ഗാത്മകതയുടെ ശത്രുവാണെന്ന് പറയേണ്ടതില്ല. ലോകത്തെ മാററിയേ തീരൂ എന്ന തീവ്രാഭിലാഷത്തിന്റെ അഭാവത്തിൽ, അവളുടെ സർഗ്ഗകൗതുകം മന്ദീഭവിക്കുന്നു. ഈ ദുരവസ്ഥയെ അതിജീവിച്ചിട്ടുള്ള എഴുത്തുകാരികൾക്ക്, അവരെ ആൺകുട്ടികളെപ്പോലെ സ്വതന്ത്രരായി വളർത്തുകയും അവരിൽ അഭിലാഷവും ഇച്ഛാബലവും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പിതാക്കൻമാരോ അമ്മാവൻമാരോ ഉണ്ടായിരുന്നതായിക്കാണാം. വെർജീനിയാവുൾഫിന്നും, 'ഗഞ്ചിയുടെ കഥ' എഴുതിയ ജാപ്പനീസ് നോവലെഴുത്തുകാരി മുരസാകിഷികിബുവിന്നും, അവരെ ആൺമക്കളായിക്കരുതി വളർത്തിയ പിതാക്കൻമാരുണ്ടായിരുന്നുവെന്ന് സിമൊങ്ദ്ബുവ്വാ ചൂണ്ടിക്കാണിക്കുന്നു — ബോധേശ്വരനെപ്പോലെ ഒരച്ഛനോ, നാലാപ്പാട്ടു നാരായണമേനോനെപ്പോലരമ്മാവനോ — അഥവാ ബാലമണിയമ്മയെപ്പോലെ സ്വയം എഴുത്തുകാരിയായ ഒരമ്മയോ—സുഗതകുമാരിക്കും മാധവിക്കുട്ടിക്കും പ്രചോദനം നൽകിയിരിക്കാവുന്നതുപോലെ, അത്യപൂർവ്വമായി ഭർത്താക്കൻമാരും—ചിലപ്പോഴൊക്കെ ഭാര്യയെ വീട്ടിൽ തളച്ചിടാനുള്ള ഒരുപായമെന്ന നിലയിലുമാകാം— ഭാര്യമാരെ പ്രോൽസാഹിപ്പിക്കാറുണ്ടെന്നു വരാം — വിവാഹപ്രായം വരെ രചനാ കൗതുകം നിലനിർത്തുവാൻ ഏറെ പെൺകുട്ടികൾക്കും കഴിയാറില്ലെങ്കിലും.

മുതിർന്നു കഴിഞ്ഞാലും എഴുത്തുകാരിക്ക് ഒരു പരാധീനതയുണ്ട്. ഒരവസ്ഥയിൽ മുഴുവനായി ഉൾപ്പെട്ട ഒരാൾക്ക് ആ അവസ്ഥയെ വിവരിക്കുക പ്രയാസമാണ്. ലോകത്തെ മററുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ ലോകത്തെ അല്പം മാറിനിന്നു നോക്കിക്കാണാൻ കഴിയണം. പട്ടാളക്കാരന് യുദ്ധം നന്നായി വിവരിക്കാനാവില്ല; അതേസമയം യുദ്ധം കണ്ടിട്ടേയില്ലാത്ത ഒരാൾക്കും അതു സംദ്ധ്യമല്ല. യുദ്ധത്തിന്റെ സഹചാരിയായി അതിന്റെ വിപത്തിൽ ചെറിയ തോതിൽ പങ്കുപററുന്ന ഒരു യുദ്ധറിപ്പോർട്ടർക്കാവും യുദ്ധത്തെ സമഗ്രമായിക്കാണാനും അതിനെ തീവ്രമായി വിവരിക്കാനും കഴിയുക. വിപ്ലവത്തെ സംബന്ധിച്ചും ഇതുപറയാം. ബ്രെഹ്റേറാ, നെരൂദയോ, മയക്കോവിസ്കിയോ ആയുധമെടുത്ത് പൊരുതിയവരല്ലല്ലോ. പോരിലുൾപ്പെട്ടിരുന്നമാവോയുടെയോ ഗുവേരായുടെയോ ഹോചിമിന്റെയോ കവിതകൾക്ക് മേൽപ്പറഞ്ഞവരുടെ കവിതയുടെ തീവ്രതയോ സമഗ്രതയോ ഇല്ലതാനും. കയ്യൂരിന്റെയോ തെലങ്കാനയുടെയോ നക്സൽബാരിയുടെയോ എഴുത്തുകാരും നിരഞ്ജന, ശ്രീശ്രീ, മഹാശ്വേതാദേവി- ശാരീരികമെന്നതിനെക്കാൾ വൈകാരികമായി ഈ പ്രസ്ഥാനങ്ങളിൽ പങ്കുകൊണ്ടവരാണ്. ഭാരത-രാമായണങ്ങളെക്കുറിച്ചും ഇതു പറയാം. ഇത്തരത്തിൽ നോക്കുമ്പോൾ സ്ത്രീയ്ക്കാണ് സമൂഹത്തെ ഏററവും നന്നായി വിവരിക്കാൻ കഴിയേണ്ടത്. കാരണം സമൂഹത്തെ ഭരിക്കുന്നത് പുരുഷൻമാരാണ്, വലിയ കർമ്മങ്ങളുടെ ലോകം അവരുടേതാണ്. സ്ത്രീകൾ ലോകത്തിന്റെ അരികുപററിക്കഴിയുന്നവരാണ്. സ്വകാര്യ ജീവിതങ്ങളിലൂടെ, പുരുഷൻമാരുടെ മദ്ധ്യസ്ഥത്തിലൂടെ, ആണ് അവർ ലോകവുമായി ബന്ധപ്പെടുന്നത്. അതുകൊണ്ട് അവർക്ക് ലോകത്തെ അകന്നുനിന്ന് നിരീക്ഷിക്കാനും വിമർശിക്കാനും കഴിയും. മുരസാകിഷികിബു ചക്രവർത്തിനിയുടെ പ്രധാന പരിചാരകനായിരുന്നു; ഫ്രെഞ്ച് എഴുത്തുകാരി ആയ മദാം ലാ ഫായെത്തിന്റെ അവസ്ഥയും സമാനമായിരുന്നു. പ്രവർത്തിക്കാതെതന്നെ അ

വർ പ്രവർത്തിയിലുംപ്പെട്ടു. എങ്കിലും പുരുഷൻമാരിൽ നിന്നു വ്യത്യസ്ഥമായ ഒരു കാര്യം ഇവരെ സംബന്ധിച്ചു കാണാം. ഇവർ തങ്ങളുടെ ലോകത്തെ വിവരിക്കുന്നു, അതിനോടു കലഹിക്കുന്നില്ല. സ്ത്രീയും പുരുഷനും തമ്മിലുള്ള അസമത്വത്തെ ഇവർ സ്വാഭാവികമായി അംഗീകരിക്കുന്ന സാമ്പ്രദായിക സദാചാരത്തെ ചോദ്യം ചെയ്യാൻ മടിക്കുന്നു, ചിലപ്പോഴൊക്കെ ഭാഗികമായ വിമർശനങ്ങരം അവരുന്നയിക്കുന്നുണ്ടാവാം, എങ്കിലും വ്യവസ്ഥയെ അതേപടി വെല്ലുവിളിക്കുന്ന എഴുത്തുകാരികരം വളരെ കുറവാണ്. മഹത്തായ കൃതികളുണ്ടായിട്ടുള്ളത് ലോകവുമായുള്ള പൂർണ്ണമായ കലഹത്തിൽ നിന്നാണുതാനും. മഹാദേവിവർമ്മയുടേയോ ഭക്തമീരയുടേയോ കവിതകളിൽ ഇഹലോകപുരുഷന്റെ ഒരു നിരാകരണമുണ്ടെന്നുവരാം. എങ്കിലും ഒരു പരമപുരുഷന്നുള്ള കീഴടങ്ങലുണ്ട്, ''കാളിയമർദ്ദനം''വും 'പാദപ്രതിഷ്ഠ'യും പോലുള്ള കവിതകളിൽ സ്ത്രീസഹനം ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്; അതേസമയം സഹനത്തിന്റെ ഉദാത്തീകരണവുമുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെയും ആശാപൂർണ്ണാദേവിയുടേയും പി. വത്സലയുടേയും മററും കൃതികളിലും വിമർശനവും വേദനയും കുതറലും ഇല്ലാതില്ല. എങ്കിലും അമൃതാപ്രീതത്തിന്റെയും കമലാദാസിന്റെയും കവിതകളിലും ഒരു വിഭാഗം കഥകളിലും മഹാശ്വേതയുടെയും സരസ്വതിയമ്മയുടെയും സാറാജോസഫിന്റെയും കഥകളിലും കാണുന്ന ആ സമ്പൂർണ്ണമായ അനാവരണം, സമ്പൂർണ്ണമായ കലഹം, വളരെ അപൂർവ്വമാണ്. ഇതിന്നൊരു കാരണം, ബുവ്വാ സൂചിപ്പിക്കുംപോലെ, ലോകം പൊതുവേ പുരുഷൻമാരുടേതാണെന്ന ബോധം തന്നെയാകാം. അതുകൊണ്ട് ലോകത്തിന്റെ അനീതികരംക്കെന്നപോലെ അതിനെ മാററാനുള്ള ഉത്തരവാദിത്തവും പുരുഷൻമാർക്കാണെന്ന് സ്ത്രീകരംക്കു തോന്നുന്നു. ലോകത്തെ ഭാഗികമായി വിമർശിക്കുമ്പോഴും മൗലികമായി വെല്ലുവിളിക്കാൻ സ്ത്രീകരം ഏറെ മുതിരാത്തതും അതുകൊണ്ടാവണം. ഒരു ബുദ്ധനോ, മാർക്സോ നീത്ഷെയോ ഫ്രോയ്ഡോ നടത്തിയപോലുള്ള അടിസ്ഥാനപരമായ ചോദ്യം ചെയ്യൽ സ്ത്രീകരം നടത്തിയിട്ടില്ലാത്തത്, അരികുപററിയുള്ള ഈ ജീവിതാസ്ഥമൂലം തന്നെയാകാം.

ഇതെല്ലാം പഴങ്കഥകളാണെന്നും നവീനജനാധിപത്യസമൂഹങ്ങളിൽ സ്ത്രീയ്ക്ക് പുരുഷന് തുല്യമായ സ്ഥാനമുണ്ടെന്നും കരുതുന്നവരുണ്ടാകാം. എന്നാൽ സ്ത്രീജീവിതത്തിന്റെ സാമാന്യസന്ദർഭവും സ്ത്രീയെക്കുറിച്ചുള്ള 'സാമാന്യബോധ'ത്തിന്റെ സങ്കൽപ്പവും ഇന്നും ഏറെയൊന്നും മാറിയിട്ടില്ല. കുടുംബവും വിദ്യാലയവും മാദ്ധ്യമങ്ങളുമെല്ലാം സ്ത്രീയെക്കുറിച്ചുള്ള സാമ്പ്രദായിക സങ്കൽപ്പം നിലനിർത്താൻ ഇന്നും ശ്രദ്ധിച്ചുവരുന്നു. ഈ മൂശ പൊട്ടിച്ചു പുറത്തുചാടുക അത്ര എളുപ്പമല്ല. സ്ത്രീകരം സാഹിത്യരചനയിലേർപ്പെടുന്നത്, ചിത്രത്തയ്യൽ ചെയ്യുംപോലെ സമയം കൊല്ലാൻ-ഒരു ഹോബിയെന്ന നിലയിൽ മാത്രമാണെന്ന് സമൂഹം ധരിക്കുന്നു. ലോകാനുഭവത്തിന്റെ പരിമിതിമൂലം പലപ്പോഴും സ്ത്രീരചനകരം സങ്കുചിതമാകാറുണ്ടെന്നതു ശരിയാണ്. ജനപ്രിയ 'റൊമാൻസുകളാണ്' പലരും എഴുതുന്നത്. എന്നാൽ സൂക്ഷ്മതയും ഗൗരവമുള്ള സ്ത്രീരചനകളെപ്പോലും കാര്യമായെടുക്കാൻ ഏറെ നിരൂപകരും മുതിരാറില്ല. സരസ്വതിയമ്മയെയും രാജലക്ഷ്മിയെയുംപോലുള്ള എഴുത്തുകാരികരംക്ക് വലിയ എതിർപ്പുകരം നേരിടുകയും വേണ്ടിവന്നു. രാജലക്ഷ്മിയുടെ ആത്മഹത്യ അവരുടെ ഇച്ഛാശക്തിക്കുറവിന്റെ മാത്രം ഫലമായിരുന്നില്ല. പരിചിതമായ അനുഭവമേഖലയെ സത്യസന്ധമായി ആവിഷ്കരിക്കാനുള്ള ഒരു സ്ത്രീയുടെ പരിശ്രമത്തിന് പുരുഷാധിപത്യ സമൂഹത്തിൽനിന്നു നേരിടേണ്ടിവന്ന എതിർപ്പിന്റെ കൂടി ഫലമായിരുന്നു. പുരുഷന്മാരെഴുതും പോലെ എന്തും തുറന്നെഴുതുന്നതിലുള്ള വിലക്കുകരം, സ്വന്തം കുടുംബജീവിതം തകരാറിലാക്കുമോ എന്ന ഭീതി, പൊതുജീവിതവുമായി പരിചയപ്പെടാനുള്ള അവസരങ്ങളുടെ കുറവ്, ഇവയൊക്കെ സ്ത്രീകളുടെ സാഹിത്യവിജയത്തിനു തടസ്സമാകുന്നുണ്ട്.

ഈ അവസ്ഥ ഇന്ന് കുറച്ചെങ്കിലും തിരിച്ചറിയപ്പെടാൻ തുടങ്ങിയിട്ടുണ്ട്. എഴുത്തിൽ ജീവിതനിയോഗം കാണുകയും സാമൂഹ്യ-രാഷ്ട്രീയ-സൈദ്ധാന്തിക പ്രശ്നങ്ങളിൽ സജീവ താൽപ്പര്യമെടുക്കുകയും ചെയ്യുന്ന സ്ത്രീകരം യൂറോപ്പിൽ മാത്രമല്ല, ഇന്ത്യയിലും ഉയർന്നുവരുന്നുണ്ട്.

(ശേഷം അടുത്ത ലക്കത്തിൽ)

# Autonomy in Higher Education
## Vis-a-vis the existing system

**K. Chandrasekharan**
**Baselius College**
**Kottayam**

Apart from the controversial proposal to start self financing professional colleges in the state, which has led to the indefinite strike by the Medicos, the Kerala govt. has also come up with the proposal for a unification of university acts, and another one for starting of autonomous colleges in the state

Talking about autonomy, we have autonomy in financial matters, in administrative matters and that of academic affairs. Autonomy in academic matters, by and large, is closely associated with that in financial and administrative matters. It is believed, atleast by some thinkers in the field of higher education that autonomy improves the standard of higher education and produces much better results for the huge investments in the field. This may be so in an ideal situation. The million question, is, ofcourse, does such a system exist in the state. The experiments in autonomy in many states in India can not be called a success by any criterion. In this context, Kerala poses special problems too. In no other state in the country, the managements of private colleges, which incidently take up the lions share of the educational activity in the state, are so well-organised and powerful as in Kerala. Here, unfortunately education is linked with religion and cast. Admitting the enormous contributions made by the voluntary associations belonging to the various religious and cast factions, one has to be aware of the present state; there has been a general deterioration in the approach to the subject by these bodies. Most of the institutions are now run even on a business level. The objectives have been reduced to that of providing lucrative (rather very attractive) jobs to the followers or the kith and kin, even disregarding their incompetence or academic short comings; providing admissions to those who can exert pressure by means of money or other offerings and so on. The orginal zeal of social service and dedication may still be found in a few isolated cases. But corruption and nepotism are the driving factor in almost every such institution.

In this cotext, administrative and academic autonomy, if granted to such private colleges in the state may make matters worse. It will be mere exaggeration to suggest that any change here will be for the better. I had the opportunity to personally experience the after effect of autonomy in the neighbouring state of Tamil Nadu during my two year summer sequential course for M. Phil Degrree in Annamalai University. Most of the autonomous colleges in the state, it is said have misused the new found liberty in an undesirable way and very rarely has any commendable achievement been sighted. It may be noted that after several years of this experiment

students in many institutions are now demanding abolition of autonomy in TamilNadu The situation is not better in other states like Andhra and Karnataka. When courses like M. Phil and Ph. D are started in a number of such autonomous colleges the standard of these degrees degenerate. Academic exellence is being substituted with subserviance and nepotism. Examinations even externals, are being made a farce.

Dr. U. R. Anantha Moorthy, the former V. C. of M. G. University, while criticising the levelling of standards in the state of Kerala, used to admit the fact that the level is not too low. We must of course try to raise the standard by trying hard to increase actual working conditions in our colleges and not by changing a time tested system every now and then. Actual academic autonomy in private institutions, even government colleges (due to political interference), can be only a dream. Admission of student, award of degrees and all other activities will be influenced by the powers that be.

Another problem is the overall standard of aesthetics, human values and academic attitude of the students and teachers in the present level of deterioration of moral values in the country. Merit is not the only consideration in the selection of teachers and students in these centres of higher learning, even though the entire bill is being paid by the state. How can the teachers be made accountable to the society at large and not to the management?

What is the criteria, if any, for selection of a college or Institution to be awarded the status of autonomy? Given the political reality in the state, communal, religious and political groups will be exerting a lot of pressure to attain this ultimate goal in most of the centres of higher education in the state.

A change of this magnitude in the field should be preceded by effective consultation with the three majour factors in higher education, viz., the public as parents, the students, the teachers. Now, it seems, every thing is done for the managers (of higher education) by the managers (of public funds). Introduction of internal assessment with external supervision, weekly and monthly tests and viva voce tests and awarding of grades for continuous assesment etc will definitely reintroduce a sense of discipline among students, It must be mentioned in this regard that here again checks and balances shoulbe there to safeguard the students' interest against victimisation. Changing the system and curriculum effectively and introducing decentralisation effectively we can make the system more dynamic and get all the good effects of autonomy without its side effects.

Let us hope that at the present time the government will not rush to Implement a reform which have not yielded any good results, even in better conditions. Autonomy in selected colleges is an undemocratic and undesirable step; whereas autonomy, in a limited sense in all centres of higher education is what is needed. □

# ഗവ : ഉത്തരവുകൾ
## റിഫ്രഷർ കോഴ്സ് : ശമ്പളം തടയില്ല

Directorate of Collegiate Education
Thiruvananthapuram

Plg.1 - 1970/91/Coll Edn.

Dated : 8-11-1991.

CIRCULAR

The Hon'ble Minister for Education had assured in the meeting on 22-10-1991 with the representatives of teachers organisations that the Government would be shortly orders restoring the original facility to treat the period spent by teachers for Refresher Courses as 'duty'. Revised Government orders in the matter are awaited. Pending that, to avoid under utilisation of seats for Refresher Courses and consequent loss of public money, all Deputy Director of Collegiate Educations are advised to admit provisionally salary claims for the period spent by teachers for essential Refresher Courses as contemplated in G.O.(Rt) No. 1831/77/H.Edn. dated 28-10-77 and this office Circular No.Estt. DI-49252/90 dated 29-11-1970. The principals of the Colleges may be so advised.

Sd/
Director of Collegiate Education.

# Leave without allowances: Qualifying service for pension

Copy of the Government letter No. 12259/D2/B7/H.Edn. dated 6-5-1987 addressed to this office.

Sir,

Sub:- Private College Staff - reckoning of leave without allowances as qualifying service for the purpose of pension clarification - reg.

Ref:- Your Lr.No. Pen.IV. 22409/37/ dtd. 6-4-87.

With reference to your letter cited, I am to inform you that the leave without allowances granted by the Management of Private colleges coming under the D.P. Scheme, to their staff, prior to the issuance of G.O. (MS) 136/85/H.Edn. dtd. 14-6-85 can be reckoned as qualifying service for purpose of pension unless otherwise specified in the orders mentioning leave.

This will be applicable in cases of Voluntary retirement also.

yours faithfully,
Sd/-
KURUVILA MAMMON
Under Secretary to Govt.
For Director of Collegiate Education

## Surrender of earned leave: certificates to be recorded

No. B3 2113/21. Office of the Dy Director of Collegiate Education, Tripunithura-Dt 21-8-91

CIRCULAR

Sub :- Surrender of earned leave-preparation of bills for-instructions-regarding,
Ref:- G O (P) 624/90/Fin. dated 14-12-1990

The attention of the principals of all colleges in this zone is invited to the Government Order cited. It is noticed that proper certificates are not incorporated in the sanction orders and bills for surrender of earned leave received in this office. The principals are requested to see that certificates as noted below are recorded in sanction orders & surrender bills.

1) Certified that the incumbents for whom leave salary for surrender of earned leave is claimed herein have not surrendered earned leave for more than 4 occasions including the present one in this financial year.

2) Certified that the total surrender of earned leave including the present case by each of the incumbents concerned in this financial year does not exceed 45 days. (this certificate is not required when earned leave is surrended at the time of retirement/death).

3) Certified that these cases of surrender of earned leave have been duly recorded in the body of the service books and in the leave accounts in all cases.

Bills not conforming with the above instructions will not be entertained.

Sd/-
Dy. Director of Collegiate Education

## Bills – Grade Promotions

No: B3-2113/91. Office of the Dy. Directos of Collegiate Education, Tripunithura, Dated 24-9-'91

CIRCULAR

The undermentioned instructions are communicated to the Principals of all Colleges in this zone with a view to avoiding unnecessary correspondence and delay in the matter bills grade promotions etc, and Waste of labour.

1. The Principals have to ensure that the increments are got sanctioned promptly, so that incremental arrear bills may not have to be prepared.

2. When arreas are due to a number of staff, it has to be ensured that all such claims, are included in one and the same bill, so that repetitive work for the same period can be avoided.

3. D A. arrears should not be postponed. Owing to delay in preferring D A. Claims, subsequent arrear claims will also get delayed and avoidable difficulty in scrutinising arrear claims will arise.

4 In repect of UGC arrear bill it has to be ensured that due income tax is deducted from those very bills. If this is not done the deduction of income tax from the bill for February will be difficult since the tax due may exceed

the whole salary for that month. The balance of UGC. arrears under each item (Pay, D.A., HRA. etc) have to be worked out and shown in the bills and not the gross balance only. Item war details of the balance have to be furnished to the Director of Collegiate Education by this office.

5. The annual statement of income-tax for the current year in respect of each person will have to be attached to the bill for February every year even if no tax is due.

6. Statement of Income-tax estimate for the next financial year will have to be attached to the salary bill for March every year in respect of each person.

7. In respect of non-teaching staff verification of original qualification ccertificates in respect of academic and test qualifications by the Dy. Director of collegiate Educations and his attestation thereof in the service book is compulsory. The Principals have to forward the certificates and service books in all cases where this has not been done so far, immediately.

8. The Principals may please note that according to the pay revision orders of 1988 Grade promotion can be given with reference to the initial appointments only. For example a clerk whose first appointment was as peon will get the Higher Grades of peon only not with standing the promotions he got later. However very many cases not conforming to this rule are being received. The principals are requested to see that such proposels are note forwarded.

The co-operation of all is earnestly solicited in this regard.

Sd/-

Dy. Director of Collegiate Edn

## Screening Committee

Copy of G. O. (Ms) No. 149/91/H. Edn. dated 16-8-1991 from the Higher Education (F) Department, Thiruvananthapuram.

Higher Education Department-Collegiate Education— Establishment - promotions, transfers and postings of Deputy Directors of Collegiate Education and Principals (Special I Grade) & Principal—orders issued.

Read : letter No. Est. El /2256/91/Coil. Edn. dated 4-4-1991, 2-5-1991 and 5-6-1991 from the Director of Collegiate Education, Thiruvananthapuram.

ORDER

Government also order that the date for provisional placement to the posts of Lecturers (Senior scale ) Lecturer (Selection Grade) Reader, Principal, Dy. Director of Collegiate Education and Additonal Director of Collegiate Education, without convening Departmental promotion committee or constituting Selection/Screening Committee as ordered in G. O. (Rt) 16/91/H. Edn upto 31-3-1991 is extended up to 31-12-91 pending finalisation of Special Rules under the University Grants Commission Scheme.

By order of the Governor

Sd/-

J. S. BADHAN,

Commissioner & Secretary to Gvot,

### സർവ്വകലാശാലാ ജനാധിപത്യം നിലനിർത്തുക

# ജില്ലാ കേന്ദ്രങ്ങളിൽ സായാഹ്ന ധർണ

ഏകീകൃത നിയമം കൊണ്ടുവന്ന് സർവ്വകലാശാലാ ജനാധിപത്യം ഇല്ലാതാക്കാൻ കേരള സർക്കാർ നടത്തുന്ന നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഏ കെ പി സി ടി എ പ്രവർത്തകർ സായംഹ്ന ധർണ നടത്തി.

കാസർഗോഡ്—കണ്ണൂർ ജില്ലകളിലെ അദ്ധ്യാപകർ സ്റേറഡിയം കോർണറിലാണ് ധർണ നടത്തിയത്. കണ്ണൂർജില്ലാ കൗൺസിൽ അംഗവും എ കെ ജി സി ടി യുടെ മുൻ പ്രസിഡൻറുമായ പ്രൊഫ. ടി. എം രാജഗോപാൽ ധർണ ഉദ്ഘാടനം ചെയ്തു. സർവ്വകലാശാലകരം അധീശ വർഗ്ഗത്തിന്റെ കീഴിൽ നിലനിർത്തുവാനുള്ള വ്യാപകമായ ശ്രമം നൂററാണ്ടുകൾക്കു മുമ്പേ ലോകത്ത് നിലനിന്നിരുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പിന്നീട് കേവലം അക്കാദമിക് ബുദ്ധിജീവികളുടെ പിടിയിലൊതുങ്ങിയ സർവ്വകലാശാലകരം ജനാധിപത്യവല്ക്കരിക്കുകയും സമൂഹത്തിന്റെ പരിച്ഛേദമായി മാററിയെടുക്കുകയും ചെയ്യുന്നതിന് നിരവധി സമരങ്ങരം വേണ്ടിവന്നു. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്ററ് ഗവൺമെൻറും തുടർന്നുവന്നിട്ടുള്ള പുരോഗമന സർക്കാരുകളും ഈ രംഗത്ത് ജനാധിപത്യം നിലനിർത്താൻ നിയമനിർമ്മാണം നടത്തുകയുണ്ടായി. അതെല്ലാം ഇല്ലാതാക്കാനാണ് ഇപ്പോഴത്തെ സർക്കാരിന്റെ ശ്രമം. ജില്ലാകൗൺസിലുകരം ഉരംപ്പടെയുള്ള തെരഞ്ഞെടുക്കപ്പെട്ട സമിതികളുടെ അധികാരങ്ങളെല്ലാം ഈ സർക്കാർ ഒന്നൊന്നായി കവർന്നെടുക്കുന്നു. അതിന്റെ ഭാഗമാണ് സർവ്വകലാശാലാ നിയമത്തിലും കൈവയ്ക്കുന്നത്. ഈ നീക്കത്തെ ചെറുത്തു തോല്പിക്കാനുള്ള സമരത്തിൽ മുഴുവൻ ജനാധിപത്യവിശ്വാസികളും കോളജദ്ധ്യാപകരോടൊപ്പമുണ്ടാകുമെന്ന് പ്രൊഫ. രാജഗോപാൽ പറഞ്ഞു.

എൻ. ജി.ഒ. യൂണിയൻ നേതാവ് വി. എം. പവിത്രൻ, കെ. ശാന്തകുമാർ (എൻ. എഫ്. പി. ടി. ഇ.) ടി. സി. രാജഗോപാൽ (ഇലക്ട്രിസിററി വർക്കേഴ്സ് അസോസിയേഷൻ) ജി. ഡി. നായർ (കെ. എസ്. ടി. എ.), എ. പി. അബ്ദുള്ളക്കുട്ടി (എസ്. എഫ്. ഐ.) എന്നിവരും അഭിവാദ്യമർപ്പിച്ച് സംസാരിച്ചു.

എ. കെ. പി. സി. ടി. എ. നേതാക്കളായ പ്രൊഫ. ഇ. ദാമോദരൻ, പ്രൊ. കെ. അബ്ദുരംമജീദ്, പ്രൊ. എ. എം. കൃഷ്ണൻ എന്നിവർ ധർണ നടത്തേണ്ടിവന്ന സാഹചര്യം വിശദീകരിച്ചു. ജില്ലാപ്രസിഡൻറ് പ്രൊഫ. പി. പി. ശ്രീധരൻ സ്വാഗതവും സെക്രട്ടറി ബി. കെ. എം. എച്ച്. അൻസാരി നന്ദിയും പറഞ്ഞു.

### തടഞ്ഞുവച്ച ശമ്പളം നല്കുക

# അധ്യാപകരുടെ കൂട്ട ഉപവാസ സത്യാഗ്രഹം

നിരവധി അദ്ധ്യാപകരുടെ ശമ്പളം കഴിഞ്ഞ ആഗസ്ററുമുതൽ തടഞ്ഞിരിക്കുകയാണ്. ശമ്പളം ഉടൻ തന്നെ നല്കണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ പ്രവർത്തകർ ഡിസംബർ ഏഴിന് സെക്രട്ടേറിയററ് നടയിൽ കൂട്ട ഉപവാസ സത്യാഗ്രഹം നടത്തി. എൻ. എഫ്. പി. ടി. ഇ. നേതാവ് പി. ബാലകൃഷ്ണൻ ഉപവാസസത്യാഗ്രഹംഉദ്ഘാടനം ചെയ്തു. ജോലി ചെയ്ത അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നത് കേട്ടുകേരംവിയില്ലാത്ത നടപടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ശമ്പളം ഉടനേ നല്കാനുള്ള ഏർപ്പാടുണ്ടാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പുപറഞ്ഞിട്ടും കാര്യം നടക്കുന്നില്ലെന്നത് കാര്യങ്ങളുടെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എ കെ പി സീ ടി എ പ്രസിഡൻറ് പ്രൊഫ. ജോർജ് സെബാസ്ററ്യൻ ജനറൽ സെക്രട്ടറി പ്രൊഫ. ടി. എൻ. രാമൻപിള്ള എന്നിവരും സംസാരിച്ചു. നിരവധി സംഘടനകരം പ്രകടനമായെത്തി ഉപവാസത്തിന് അഭിവാദ്യമർപ്പിച്ചു.

(5-ാം പേജിന്റെ തുടർച്ച)

80 ശതമാനത്തോളം വരുന്ന ഈ സ്ഥാപനങ്ങളാണ് ഇവിടെ വിദ്യാഭ്യാസ വിതരണം നടത്തുന്നത്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മാന്യമായ ശമ്പളം കൊടുക്കണമെന്ന കാര്യം ഒരു പ്രസ്ഥാനത്തിന്റെ സമ്മർദ്ദങ്ങളില്ലാതെ തന്നെ സർക്കാരിനും മററധികാരികൾക്കും തോന്നേണ്ടതായിരുന്നു. പക്ഷെ, ഇവിടെ നിലവിലുള്ള സാമൂഹ്യക്രമത്തിൽ ആവശ്യങ്ങളറിഞ്ഞ് ആനുകൂല്യങ്ങളനുവദിക്കുക എന്ന ഒരു സമ്പ്രദായമില്ലാത്തതിനാൽ ഏററവും ന്യായവും മിതവും ആയ ആവശ്യങ്ങൾ പോലും സംഘടിത പ്രസ്ഥാനത്തിലൂടെ വിലപേശിവാങ്ങേണ്ട സ്ഥിതിയാണല്ലോ. സർക്കാർ കോളേജ് അദ്ധ്യാപകർക്ക് മുന്നൂറ് രൂപ ശമ്പളം തുടക്കത്തിൽ അനുവദിച്ചപ്പോൾ അത്രതന്നെ യോഗ്യതകളും പരിചയസമ്പന്നതയും ഉള്ളവരും, അതേ ജോലിതന്നെ ചെയ്തിരുന്നവരുമായ സ്വകാര്യ കോളേജ് അധ്യാപകർ 125 രൂപ ശമ്പളത്തിൽ തുടങ്ങിയാൽ മതിയെന്ന് യൂണിവേഴ്സിററി തീരുമാനിച്ചു. സർക്കാർ കോളേജുകളെക്കാൾ മികച്ച നിലവാരം തങ്ങളുടെ കോളേജുകൾക്കാണ് ഉള്ളതെന്ന് പെരുമ്പറ അടിക്കാറുള്ള സ്വകാര്യ കോളേജ് മാനേജ്മെണ്ടുകളാവട്ടെ, കൂടുതൽ മെച്ചപ്പെട്ട നിലവാരം സൃഷ്ടിക്കുവാൻ കാരണക്കാരായ അദ്ധ്യാപകർക്ക് സർക്കാർ കോളേജ് അദ്ധ്യാപകരേക്കാൾ കൂടുതലല്ലെങ്കിലും അവരുടേതിന് തുല്യമായ ശമ്പളമെങ്കിലും കൊടുക്കണമെന്ന് ചിന്തിച്ചത് പോലുമില്ല. പ്രൈവററ് കോളേജ് ജീവനക്കാരുടെ ശമ്പളക്കാര്യത്തിൽ യാതൊരു ചുമതലയുമില്ലെന്ന നിസ്സംഗഭാവമാണ് സർക്കാരും കൈക്കൊണ്ടത്. ഇക്കാര്യത്തിൽ ഗവർമ്മെണ്ടിനുകൂടി ചുമതലയുണ്ടെന്ന തത്വം ആദ്യമായി അംഗീകരിച്ചത് ഇ. എം. എസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന 1958-ലെ കമ്യൂണിസ്ററ് മന്ത്രിസഭയായിരുന്നു. ഇദംപ്രഥമമായി പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് ഗവർമ്മെണ്ട് കോളേജ് അദ്ധ്യാപകരുടേതിനു തുല്യമായ ക്ഷാമബത്ത നൽകാനായി 5 ലക്ഷം രൂപ നീക്കിവെച്ചത് അന്നാണ്. പക്ഷെ അധികകാലം അത് നീണ്ടുനിന്നില്ല. 125 രൂപയിൽ തുടങ്ങി ആദ്യത്തെ അഞ്ച് കൊല്ലം പ്രതിവർഷം അഞ്ചുരൂപയുടെ വർദ്ധനവും പിന്നത്തെ അഞ്ചുകൊല്ലം പത്തു രൂപയുടെ വാർഷിക വർദ്ധനവുമായി, മൊത്തം പത്തുകൊല്ലം പണിയെടുത്താൽ 200 രൂപ എന്ന ശമ്പളത്തിലെത്തുന്ന പ്രൈവററ് കോളേജ് അദ്ധ്യാപകൻ, അയൽപക്കത്തെ സർക്കാർ കോളേജ് അദ്ധ്യാപകൻ ഇതേകാലംകൊണ്ട് പ്രതിമാസം മൊത്ത വരുമാനമായി 300-ൽ തുടങ്ങി 600-ൽ ചെന്നെത്തി നിൽക്കുന്നകാഴ്ച ഹൃദയവേദനയോടെ (അസൂയകൊണ്ടല്ല, സ്വന്തം പരാധീനതയോർത്ത്) നോക്കി നില്ക്കേണ്ട സ്ഥിതിവിശേഷം! പ്രൈവററ് കോളേജ് അധ്യാപകൻ 5 രൂപ വാർഷിക ഇംക്രിമെണ്ട് വാങ്ങിക്കൊണ്ടിരുന്ന ഇതേ കാലഘട്ടത്തിൽ സ്ക്കൂളുകളിലെ ഗ്രാജുവേററ് അദ്ധ്യാപകന് പ്രതിവർഷം 7½ രൂപയായിരുന്നു ഇംക്രിമെണ്ട് എന്ന വസ്തുതകൂടി ഇവിടെ സ്മരണീയമാണ്. മാത്രമല്ല, അക്കാലത്ത് ക്ഷാമബത്ത നിഷേധിക്കപ്പെട്ടിരുന്ന ഇന്ത്യയിലെ ഏകവിഭാഗം ജീവനക്കാർ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകരായിരുന്നു.

ഈ അനീതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത ഈ വിവേചനം ഇന്നാട്ടിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെക്കാലം നിലനിന്നു. A.K.P.C.T.A ഉടലെടുത്ത നാളുകളിൽ ഈ അനീതി അവസാനിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ മുഖ്യകർത്തവ്യം. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം നടപ്പാക്കി കിട്ടുന്നതിനായി കുറച്ചൊന്നുമല്ല നമുക്ക് അധ്വാനിക്കേണ്ടി വന്നത്. നമ്മുടെ ഐതിഹാസിക സമരങ്ങളുടെ തുടക്കവും ഇവിടെനിന്നു തന്നെ.

സമൂഹത്തിൽ മഹത്തായ സേവനമനുഷ്ഠിക്കുന്നവരെന്ന് നമ്മെ പററി പറയാറുള്ള സമൂഹവും ഭരണകർത്താക്കളും നമ്മുടെ പരാധീനതകളെക്കുറിച്ച് ഏറെയൊന്നും അറിഞ്ഞിരുന്നില്ല. ഇതു സംബന്ധിച്ച് നിവേദനപത്രികകളും, സങ്കടഹർജികളും എഴുതി സമർപ്പിക്കുക എന്നത് നമ്മുടെ സംഘടനയുടെ നിത്യതൊഴിലായിരുന്നു. ഇതുകൊണ്ടൊന്നും ഭരണകേന്ദ്രങ്ങൾ കനിഞ്ഞില്ല. കോൺവൊക്കേഷൻ വേഷത്തിൽ 1961 ഫെബ്രുവരിയിൽ നാം തലസ്ഥാന നഗരിയിൽ ഒരു മൂക പ്രകടനം നടത്തി. ചരിത്രത്തിലാദ്യമായി കോളേജദ്ധ്യാപകൻ തെരുവിലിറങ്ങി പ്രകടനം നടത്തിയത് അന്നായിരുന്നു. അദ്ധ്യാപകൻ 'വെറും തൊഴിലാളിക'ളെപ്പോലെ തെരുവിലിറങ്ങി പ്രകടനം നടത്തിയത് യാഥാസ്ഥിതികരായ ഒരു

വിഭാഗം 'വിക്ടോറിയൻ വിശുദ്ധൻമാർക്ക്' രസിപ്പില്ല. അപ്പടക്കം പരിശീലിപ്പിക്കേണ്ട അദ്ധ്യാപകൻ അനുസരണക്കേട് കാണിക്കുന്നത് 'കലികാലവൈഭവവും', 'ധർമ്മച്യുതി'യുമായി അവർ ചിത്രീകരിച്ചു. അദ്ധ്യാപകന്റെ സ്ഥിതി എത്ര ദയനീയമാണെങ്കിലും ഇതൊന്നും അത്ര ശരിയല്ലെന്ന് ചില പത്രങ്ങളും എഴുതി. പക്ഷെ, ഈ പ്രകടനം നമ്മുടെ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കിയില്ല. 1961 ലെ മാർച്ച് പരീക്ഷാ ജോലികൾ നാം ബഹിഷ്ക്കരിച്ചു, അനല്പമായ കുററബോധത്തോടെതന്നെ. വിശേഷിച്ച് ഒരു ഫലവുമുണ്ടായില്ല. പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തെ യു. ജി. സി. ശമ്പളനിരക്കുകൾ അനുവദിക്കാമെന്ന് ഒരു ഘട്ടത്തിൽ കേരള യൂണിവേഴ്സിററി എഴുതിത്തന്ന വാഗ്ദാനവും വിഫലമായി.

ദീർഘമായ കാത്തിരിപ്പുകൊണ്ട് മനംമടുപ്പും നിസ്സഹായതയും മാത്രം കൈമുതലായി അവശേഷിച്ച അധ്യാപകർ തുല്യശമ്പളത്തിനും, (Parity) മെച്ചപ്പെട്ട സേവന വ്യവസ്ഥകൾക്കും, റിട്ടയർമെണ്ട് ആനുകൂല്യങ്ങൾക്കും വേണ്ടി A.K P C.T.A. യുടെ നേതൃത്വത്തിൽ ഒരു പണിമുടക്കിലേക്ക് നീങ്ങുവാൻതന്നെ നിർബന്ധിതരായി. 1961 നവംബർ 12-ന് എറണാകുളത്തുകൂടിയ സ്റേറയ്ററ് കൌൺസിൽയോഗം 1962 ജനുവരി 10 മുതൽ പ്രതക്ഷസമരപരിപാടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

പണിമുടക്കുസമരത്തിന്റെ സന്നാഹങ്ങളാരംഭിച്ചപ്പോൾ അന്നത്തെ ഉപമുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കറും ചില നിയമസഭാ സാമാജികരും മുൻകയ്യെടുത്ത് ഒത്തുതീർപ്പ് ശ്രമങ്ങളാരംഭിച്ചു. ആയിടക്ക് തിരുവനന്തപുരത്തെത്തിയ യൂണിയൻ വിദ്യാഭ്യാസമന്ത്രി ഡോ. ശ്രീമാലിയെക്കണ്ട് A.K.P.C.T.A. പ്രതിനിധികൾ നിവേദനം നടത്തി. മുഖ്യമന്ത്രി പട്ടം താണുപിള്ളയുമായി അദ്ദേഹം പ്രശ്നത്തെപ്പററി സംസാരിച്ചു. കേരള യൂണിവേഴ്സിററി വൈസ് ചാൻസലർ ശ്രീ. കെ. സി. കെ. ഇ. രാജ, അദ്ധ്യാപകപ്രതിനിധികളുടെയും മേനേജ്മെൻറ്, സിണ്ടിക്കേററ് പ്രതിനിധികളുടെയും ഒരുസമ്മേളനം വിളിച്ചുകൂട്ടി. യു. ജി. സി. സ്കെയിലുകൾ നടപ്പിലാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 37½% ഗവർമ്മെണ്ട് വഹിക്കുവാൻ തയ്യാറാണെന്ന് സമ്മതിച്ചതായി വൈസ് ചാൻസലർ അറിയിച്ചു. ചെലവിന്റെ 12½% തങ്ങൾ വഹിച്ചുകൊള്ളാമെന്ന് മേനേജർമാരും അന്ന് സമ്മതിച്ചു. ക്ഷാമബത്തയുടെ കാര്യത്തിൽ വ്യക്തമായ ഒരു ഉറപ്പും ലഭിക്കാത്തിടത്തോളം കാലം പണിമുടക്ക് നിർത്തിവെക്കുവാൻ സാദ്ധ്യമല്ലെന്ന് സംഘടന തീരുമാനിച്ചു. അന്നത്തെ ആഭ്യന്തരകാര്യമന്ത്രിയായിരുന്ന പി. ടി. ചാക്കോയുടെയും ഉപമുഖ്യമന്ത്രി ശങ്കറിന്റെയും പ്രത്യേക താല്പര്യവും സമ്മർദ്ദവും മൂലം മുഖ്യമന്ത്രി പട്ടം കോൺഫറൻസ് വിളിച്ചുകൂട്ടി. നമ്മുടെ പ്രശ്നങ്ങളോട് അനുഭാവമുണ്ടെന്ന് പ്രസ്താവിച്ചതോടൊപ്പംതന്നെ അദ്ധ്യാപകർ പണിമുടക്കുക എന്ന ആശയത്തെ അദ്ദേഹം അപലപിച്ചു. യു. ജി. സി. ശമ്പളനിരക്ക് അനുവദിക്കാമെന്നും, മൂന്ന് മാസത്തിനുള്ളിൽ ക്ഷാമബത്ത സംബന്ധിച്ച ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാൻറ്-ഇൻ-എയിഡ്-കോഡ് നടപ്പാക്കാമെന്നും അദ്ദേഹം ഉറപ്പുതന്നതിന്റെ പശ്ചാത്തലത്തിൽ പൊതു പണിമുടക്ക് നാം തല്ക്കാലം ഉപേക്ഷിച്ചു. കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ എന്നും കൃതജ്ഞതയോടെ ഓർക്കേണ്ട ഒരു കാര്യം ഇവിടെ കുറിക്കട്ടെ. കേരളത്തിൽ യു. ജി. സി. നിരക്കിൽ ശമ്പളം നല്കുന്നതിന് സഹായകമായ നിലപാട് യു. ജി. സി. യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ മുഖ്യ പ്രേരകശക്തിയായി വർത്തിച്ചത് കേരളം കണ്ടതിൽവെച്ച് ഏററവും പ്രഗത്ഭനായ വിദ്യാഭ്യാസമന്ത്രി പ്രൊഫ. മുണ്ടശ്ശേരിയായിരുന്നു. അതിന്റെ പ്രയോക്താവോ, അന്നത്തെ കേരളാ യൂണിവേഴ്സിററി വൈസ് ചാൻസലറായിരുന്ന മഹാനായ ഡോ: ജോൺ മത്തായിയും.

അദ്ധ്യാപകർ പണിമുടക്ക് നോട്ടീസ് കൊടുക്കുകയും പണിമുടക്ക് സംബന്ധിച്ച് പ്രാരംഭപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു എന്നതു പല മേനേജ്മെണ്ടുകൾക്കും സഹിക്കാവുന്ന ഒന്നായിരുന്നില്ല. തങ്ങളുടെ അധീശാധികാരങ്ങളെ ചോദ്യം ചെയ്യാനും, തങ്ങളുടെ അധികാരപ്രമത്തതയെ ചെറുത്തു നില്ക്കുവാനും പോന്ന ഒരു സംഘടിത ശക്തിയുടെ ഉദയം ചക്രവാളങ്ങളിൽ കണ്ട അവർ കലി

തുള്ളിത്തുടങ്ങി. ഗത്യന്തരമില്ലാതെ പ്രത്യക്ഷസമരത്തിന്റെ വക്കത്തെത്തിയ അദ്ധ്യാപകരെ പണിമുടക്ക് നോട്ടീസിൽ ഒപ്പുവച്ചതിന്റെ പേരിൽ ദ്രോഹിക്കുകയില്ലെന്ന് ഉറപ്പു തന്ന യൂണിവേഴ്സിററിയെ സാക്ഷിനിർത്തിത്തന്നെ സമുദായത്തിന്റെയും, മതത്തിന്റെയും ജാതിയുടെയും പിൻബലമുള്ള മാനേജുമെണ്ടുകൾ അദ്ധ്യപക ദ്രോഹനടപടികൾ ആരംഭിച്ചു. യു. ജി. സി. ശമ്പളനിരക്കുകൾ നടപ്പാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 12½% മാനേജ്മെണ്ടുകൾ വഹിക്കുമെന്ന് സമ്മതിച്ചതായിരുന്നുവല്ലൊ. എൻ. എസ്.എസ്. ഉൾപ്പടെയുള്ള ചില മാനേജ്മെണ്ടുകൾ ഈ വാഗ്ദാനം സമർത്ഥമായിതന്നെ നിറവേററി! യു. ജി. സി. നിരക്കിലുള്ള മുഴുവൻ ശമ്പളത്തിനും ഒപ്പിട്ടുകൊടുക്കണമെന്നും 12½% കണ്ട് കുറഞ്ഞ സംഖ്യ മാത്രമേ കൊടുക്കുകയുള്ളുവെന്നും അവർ ശഠിച്ചു. പണിമുടക്ക് സന്നാഹത്തിന്ന് നേതൃത്വം കൊടുത്ത അദ്ധ്യാപകരെ എൻ. എസ്. എസ്. മാനേജ്മെണ്ട് സ്ഥലംമാററം എന്ന ആയുധമുപയോഗിച്ച് നിർവീര്യമാക്കാൻ വൃഥാ ശ്രമം നടത്തി. മാനേജ്മെൻറിന്റെ നഗ്നമായ വാഗ്ദാന ലംഘനത്തെ തുറന്ന് കാട്ടികൊണ്ട്, ഗവർമ്മെണ്ടിനും, യൂണിവേഴ്സിററിക്കും ഗ്രാൻറ്സ് കമ്മീഷനും നിവേദനങ്ങൾ സമർപ്പിച്ചതിന്റെ പേരിൽ ഈ ലേഖകനെയും ദിവംഗതനായ പ്രൊഫ: രഘുവക്കുറുപ്പിനേയും പ്രതികാര നടപടിയെന്ന നിലയിൽ മലബാർ പ്രദേശത്ത് ആദ്യമായി ആരംഭിച്ച ഒററപ്പാലം എൻ. എസ്.എസ്. കോളേജിലേക്ക് സ്ഥലം മാററി. ഉദ്ദേശം രണ്ടായിരുന്നു. ഒന്ന്, സ്ഥലമാററം കൊണ്ട് വ്യക്തിപരവും കുടുംബപരവുമായ അസൌകര്യങ്ങളുണ്ടാക്കുക എന്ന ദണ്ഡനമുറ നടപ്പാക്കുക; രണ്ട്, പുതുതായി ആരംഭിച്ചതിനാൽ യു. ജി. സി. ശമ്പള പദ്ധതിയുടെ പരിധിയിൽ വരാത്ത ഒററപ്പാലം കോളേജിലേക്ക് മാററുന്നത്വഴി യു. ജി. സി. ശമ്പളനിരക്കുകൾ ഞങ്ങൾക്ക് നിഷേധിക്കുക. A. K. P C. T A. എൻ. എസ്. എസ്. കോളേജുകളിലെ ഈ സ്ഥിതിവിശേഷം വൈസ് ചാൻസ്ലറെ അറിയിച്ചു. സ്ഥലം മാററുന്നത് തടയാൻ യൂണിവേഴ്സിററിക്ക് അധികാരമില്ല എന്ന സാധാരണ ഒഴിവുകഴിവിന്റെ മറവിൽ ഇക്കാര്യത്തിൽ വൈസ് ചാൻസലർ നിസ്സഹായത പ്രടിപ്പിച്ചു. സ്ഥലം മാററം മൂലം യു. ജി. സി. ശമ്പളം നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ അക്കാര്യത്തിൽ വേണ്ടതു ചെയ്യാമെന്ന് അദ്ദേഹം ഉറപ്പു തന്നു എന്നു മാത്രം. വൈര നിര്യാതനബുദ്ധിയോടെ എൻ. എസ്. എസ്. മാനേജ്മെണ്ട് നടത്തിയ കൂട്ടസ്ഥലം മാററങ്ങളിൽ-മൊത്തം മുപ്പതിൽ കൂടുതൽ സ്ഥലം മാററങ്ങൾ നടന്നിരുന്നു—പ്രതിഷേധിച്ച് നാം 1962 ആഗസ്ററ് 16-ാം തീയതി കേരളമൊട്ടാകെ പ്രതിഷേധ ദിനമാചരിച്ചു.

ഗ്രാൻറ് ഇൻ എയിഡ് കോഡ് നടപ്പിലാക്കുക എന്നത് നാം അന്ന് ഉയർത്തിയ ഒരു സുപ്രധാന മുദ്രാവാക്യമായിരുന്നു. പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് മെച്ചപ്പെട്ട ശമ്പളം ലഭിക്കുവാൻ ഉതകുന്ന സംവിധാനമെന്നതിൽ കവിഞ്ഞ് ഇതിന്ന് നമ്മെ സംബന്ധിച്ചിടത്തോളം മറെറാരു അർത്ഥവും കൂടി ഉണ്ടായിരുന്നു. പ്രൈവററ് കോളേജിൻമേൽ സർക്കാരിന്നുകൂടി താല്പര്യമുണ്ടാവുന്ന ഒരു സ്ഥിതിവിശേഷം ഗ്രാൻറ് ഇൻ എയ്ഡ് കോഡ് നടപ്പാക്കുന്നതോടെ സംജാതമാവുമെന്ന് നാം പ്രതീക്ഷിച്ചു. യു. ജി. സി. ശമ്പളനിരക്ക് നടപ്പാക്കിയെങ്കിലും നിലവിൽ ഉണ്ടായിരുന്ന ശമ്പളനിരക്കും യു. ജി. സി. നിരക്കും തമ്മിലുണ്ടായിരുന്ന വ്യത്യാസം ആണ്ടിലൊന്നോ രണ്ടോ തവണ ബോണസ്സ് പോലെ കിട്ടിയിരുന്ന സ്ഥിതി മാറി മാസംതോറും യു. ജി. സി. നിരക്കിൽ ശമ്പളവും ഗവർമ്മെണ്ട് നിരക്കിൽ ക്ഷാമബത്തയും ലഭിക്കുന്ന ഒരു സംവിധാനം ഉണ്ടാവുക എന്നത്കൂടി ഗ്രാൻറ് ഇൻ എയ്ഡ് കോഡിനുവേണ്ടിയുള്ള സമരത്തിന്റെ ആവശ്യമായിരുന്നു. ഗ്രാൻറ് ഇൻ എയ്ഡ് കോഡ് തയ്യാറാക്കുന്നതിനുവേണ്ടി സർക്കാർ നിയമിച്ച സ്പെഷൽ ഓഫീസർ മുമ്പാകെ A.K.P.C.T.A. തയ്യാറാക്കിയ ഒരു കരട് കോഡും മററു സംസ്ഥാനങ്ങളിൽ നിലവിലുള്ള കോഡുകളുടെ കോപ്പികളും നാം പരിഗണനക്കായി സമർപ്പിച്ചു. അദ്ധ്യാപകർക്ക് യു. ജി. സി. നിർദ്ദേശിച്ച അഖിലേന്ത്യാ ശമ്പള സ്കയിൽതന്നെ നൽകണമെന്നും, സർക്കാർ നിരക്കിൽ ക്ഷാമബത്ത കിട്ടണമെന്നും റിട്ടയർമെൻറ് ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും ഗ്രാൻറ് ഇൻ എയ്ഡ് കോഡിൽ ഉൾകൊള്ളിക്കണമെന്നും നാം ആവശ്യപ്പെട്ടു.

* ആർ. ആർ. സി. എഴുതിയ സംഘടനാ ചരിത്രത്തിൽ നിന്ന്

(6-ാം പേജിൻെറ തുടർച്ച)

നമ്മൾ രണ്ടാളും മാത്രമായുള്ള താ
മസം—
ഗുരു ശിഷ്യബന്ധത്തിൻെറ തുടക്ക
മാവാം.
സ്വകാര്യകോളേജുകൾ,
മാനേജ്മെൻറുകൾ,
അദ്ധ്യാപകർ,
അനദ്ധ്യാപകർ
ഇവരെ പരിചയപ്പെടുത്തവേ,
നിങ്ങളുടെ വാക്കുകൾ ഞാനോർ
ക്കുന്നു—
"മനുഷ്യ ചരിത്രം
നിരന്തരവും സുദീർഘവുമായ
സമരമാണ്.
സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള
സമരം!
അതു തുടർച്ചയാണ്.
പൂക്കളും, ഫലങ്ങളും, കൊഴിയും,
വൃക്ഷങ്ങൾ വളർന്നു കൊണ്ടേയി
രിക്കും.
വ്യക്തികൾ കൊഴിഞ്ഞു വീഴു
മ്പോഴും,
സമൂഹം നിരന്തര സമരത്തിലൂടെ—
മുന്നേറും."
അവകാശ സമരത്തിൻെറ—
മുന്നണി പ്പടയാളിയാകാൻ,
നിങ്ങൾക്കു കഴിഞ്ഞു. അവിടെ—
നിങ്ങളുടെ മഹത്വവും,
അർത്ഥപൂർണ്ണമായ ജീവിതവും,
ഞാൻ കാണുന്നു.
ഞാനൊന്ന് ഓർമ്മിച്ചുകൊള്ളട്ടെ!
വശ്യമായ വാചലതയിൽ,
വർഗ്ഗബോധത്തിൻെറ തികവിൽ,
അവകാശങ്ങൾക്ക് പൊരുതാൻ—
പരുവപ്പെടുത്തുമ്പോൾ—
അനന്തപുരിയുടെ സുഖശീതളത,
തിറമാർന്ന സ്വപ്നങ്ങൾ,
തീക്ഷ്ണമായ ആഗ്രഹങ്ങൾ,
പടചേരാൻ മടിച്ചുനിന്ന—
എന്നെ—
കഥകളിൽ, കാര്യങ്ങളിൽ,
കർമ്മങ്ങളിൽ, ഞാനറിയാതെ,
നിങ്ങൾ വീഴ്ത്തുകയായിരുന്നു -

1968 – ഓർക്കാപ്പുറത്ത്—
പി. ഉണ്ണികൃഷ്ണപിള്ള
പി. ജി. പുരുഷോത്തമൻപിള്ള
പി. ഗോവിന്ദപിള്ള
സി. ബി. സി. വാര്യർ
നമ്മുടെ അതിഥികളായി വന്നതും-
ഇൻഡ്യയ്ക്കാകെ മാതൃകയാവുന്ന—
യൂണിവേഴ്സിററി ബില്ലിൻെറ
കരട്,
നിയമാധിഷ്ഠിത സേവന വ്യവ
സ്ഥ,
തുല്യ ജോലിക്ക് തുല്യശമ്പളം,
ഇവയെപ്പററിയുള്ള സുദീർഘ
മായചർച്ച—
അവർക്ക് അത്താഴം നല്കി—
യാത്രയാക്കിയ നിമിഷത്തിൽ,
നിങ്ങളനുഭവിച്ച ആത്മതോഷം,
സ്വകാര്യകോളേജ് അദ്ധ്യാപ
കർക്ക്-
ഒരു പുതിയമാനം ഉണ്ടാകുന്നതിൽ-
ആവേശഭരിതനായി—
എന്നെരണ്ടു കൈകളിലും—
വാരി ഉയർത്തിയ ആരാത്രിയുടെ—
നിയാമകയാമം, ഞാനോർക്കുന്നു.
അവിടെ നിന്നിങ്ങോട്ട്—
തോളോടുതോൾ ചേർന്നാണല്ലോ—
നമ്മുടെ യാത്ര.

1972- നേരിട്ടു ശമ്പളത്തിനുള്ള—
പോരാട്ടം.
നീണ്ടസമരത്തിൻെറ പകുതിയിൽ—
പ്രതിലോമ—പിൻതിരിപ്പൻ
ശക്തികളുടെ—

ചരടുവലിയിൽ,
സമരം ഒതുക്കാൻ കൂടിയ-
സംസ്ഥാനക്കമ്മറ്റിയിൽ,
സമരം തുടരാനുള്ള ന്യായങ്ങൾ
നിരത്തി–
ആർജ്ജവത്തോടെ വാദിച്ച എന്നെ,
തോളിൽത്തട്ടി– അരികിലേക്ക് -
ഒതുക്കി നിർത്തിയ നിമിഷത്തിന്റെ
ചൂട്,
ഞാനനുഭവിക്കുന്നു.
ജയിൽ വിമോചിതരായി വന്ന–
അദ്ധ്യാപകരെ മാലയിട്ട്
സ്വീകരിക്കുമ്പോൾ,
നിങ്ങളുയർത്തിയ മുദ്രാവാക്യ
ത്തിന്റെ–
ചൂടും ചൂരും ഞാനറിയുന്നു.
വഴികാട്ടി വഴിയറിയുന്നവനായി
രിക്കണം,
പോരാ–വഴിയിൽ വരാവുന്നതി
നെപ്പററി–
ബോധമുള്ളവനുമായിരിക്കണമല്ലോ!

1978-കൂട്ടം തെററിനിന്ന കോളേ
ജ് അദ്ധ്യാപകർ,
പണിയെടുക്കുന്ന ജീവനക്കാരിൽ
നിന്ന്–
തൊഴിലാളികളിൽ നിന്ന്—
തെന്നിമാറി, വർഗ്ഗബോധത്തിന്–
വരമ്പ് കണ്ടെത്തിയിരുന്നവരെ,
വിശാലമായ ഐക്യത്തിന്റെ–
പാതയിൽ, കൊടിക്കീഴിൽ,
അണിനിരത്തവേ–
ആർ. ആർ, സി,
നിങ്ങൾ ചരിത്രം സൃഷ്ടിക്കുക
യായിരുന്നു.
തിരിഞ്ഞു നോക്കുമ്പോൾ–
യു. ജി. സി. യുടെ ആനുകൂല്യ
ങ്ങൾ,
യാഥാർത്ഥ്യമാക്കിയ വഴിത്തിരിവ്–

അതായിരുന്നില്ലേ?
1981– യു. ജി. സി നിരക്കുകൾക്കു -
വേണ്ടിയുള്ള സമരം.
'ഇപ്പഴില്ലെങ്കിൽ പിന്നെയെപ്പഴ്?'
എന്ന ചോദ്യവുമായി,
ആവേശ ഭരിതരായ, അണിമുറി
യാത്ത–
പ്രവർത്തകരുടെ നീണ്ടനിര.
യു. ജി. സി. നിരക്കുകൾ കിട്ടാതെ
സമരം–
നിർത്തിവയ്ക്കേണ്ടിവന്ന നിർണ്ണായ
കനിമിഷം.
അസംതൃപ്തരായ അണികൾ,
പിൻവാങ്ങിയും മുന്നേറിയും–
നിരന്തരം ഉരുളുന്ന അലകളെപ്പോലെ,
പരാജയവും വിജയവും–
അവകാശ സമരങ്ങളുടെ ഭാഗമാ
ണെന്നും,
ഓരോ പരാജയവും വിജയത്തിന്റെ,
ചുവടാണെന്നും നിങ്ങൾക്ക്–
അറിവുള്ളതുപോലെ–
അണികൾക്കറിവില്ലല്ലോ?
എതിരേ വന്ന അസ്ത്രങ്ങൾ തട
ഞ്ഞുനിർത്തി–
അസംതൃപ്തരോട് പറഞ്ഞില്ലേ?
"സർവ്വാണി സദ്യയുണ്ണുന്നവരാണു
നിങ്ങൾ,
വിളമ്പുന്നതൊക്കെ വട്ടിയിലാക്കി
കിട്ടാത്തതോർത്തിൽ
കാത്തിരിക്കുന്നവർ.''
ഇന്നു ഞാനറിയുന്നു–
മൃത്യുവും സർവ്വാണിസദ്യക്കാര
നാണ്,
കിട്ടിയതെല്ലാം വട്ടിയിലാക്കുന്ന
വൻ,
ജീവിതം വീണ്ടും വിളമ്പിക്കൊ
ണ്ടേയിരിക്കുന്നു.
ഓർമ്മകൾ മാത്രമാണ് കൈമുതൽ.
പ്രിയപ്പെട്ട ആർ. ആർ. സി–

ഒരുവട്ടം കൂടി നിങ്ങളോടൊപ്പം—
ജീവിക്കുവാൻ ശ്രമിക്കുകയായി
രുന്നുഞാൻ.
എനിക്കിനിയും അതിനുമാത്രമല്ലേ
കഴിയൂ?
നിങ്ങൾ— ചരിത്ര വീഥികളിൽ—
വഴിവിളക്കായി നില്ക്കുന്നു.
പതറാത്ത പോർ വീര്യവും-
തളരാത്ത ആവേശവും,
സമരാനുഭവങ്ങളുടെ,
ഊഷ്മള സ്മൃതികളുമായി,
പുതിയ പാതകളിലേയ്ക്ക്—
ചുവടു വെയ്ക്കുന്ന ഒരു തലമുറ—
നിങ്ങളിൽ നിന്ന് വെളിച്ചം ഏററു
വാങ്ങും.

മുമ്പേ പറന്ന പക്ഷി!
ഏതോ പ്രകാശബിന്ദുവിൽ—
നീ അലിഞ്ഞില്ലാതായി.
എന്റെ മനസ്സിന്റെ ഇത്തിരി
വെട്ടത്തിൽ—
ഇപ്പോഴും നീ പറക്കുന്നു.
വിദൂര ലക്ഷ്യത്തിലുറപ്പിച്ച നിന്റെ
കണ്ണുകൾ,
എനിക്ക് കാണാം.
ആർദ്രമാവുന്ന മനസ്സിന്റെ
നിലാവെളിച്ചത്തിൽ,
ഞാൻ,
നിന്റെ,
സ്വർണ്ണ തൂവലുകൾ—
കാണുന്നു.
□

---

(30-ം പേജിന്റെ തുടർച്ച)

മാത്രമായിരുന്നില്ല സർക്കാരിൽനിന്നും നേരിട്ട് ശമ്പളം ലഭിക്കണം എന്ന അവകാശം ഉന്നയിക്കാൻ നമ്മെ പ്രേരിപ്പിച്ചഘടകങ്ങൾ. നിയമാധിഷ്ഠിതമായി നമുക്ക് ലഭിച്ച സേവനഭദ്രത ഉറപ്പാകണമെങ്കിൽ-പ്രത്യേകിച്ചും കേരളത്തെപ്പോലെ സർക്കാരുകളെവരെ മറിച്ചിടാൻ കഴിവുള്ള ശക്തരായ സമുദായങ്ങൾ മാനേജ്മെൻറുകളായിരിക്കെ-മാനേജുമെൻറുകളെ നിയമപരിധിക്കുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്. മാനേജുമെൻറുകളെ നിയമാധിഷ്ഠിത സമിതികളാക്കുന്നതിനുള്ള നിയമത്തിലെ വകുപ്പ് കോടതിവിധിയിലൂടെ നഷ്ടപ്പെട്ടതോടുകൂടി സർക്കാരിനേയും സർവ്വകലാശാലകളേയും കൂടി കക്ഷിചേർത്ത് ഹൈക്കോടതിയിൽ കേസ്കൊടുത്ത് നീതി ലഭിക്കുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിൽകൂടിയാണ് നേരിട്ടുള്ള ശമ്പളം എന്ന അവകാശം നാം ഉന്നയിച്ചത്. ഇതിന്റെ ഫലമായി ഇന്ത്യയിൽ ആദ്യമായി നിയമാധിഷ്ഠിത സേവനഭദ്രതയും അത് ഉറപ്പാക്കാൻ സഹായിക്കുന്ന സർക്കാരിൽ നിന്ന് നേരിട്ട് ശമ്പളം ലഭിക്കുന്ന സംവിധാനവും കേരളത്തിലെ സ്വകാര്യ കോളേജദ്ധ്യാപകർക്ക് നേടാൻ കഴിഞ്ഞു. ഈ നേട്ടങ്ങൾക്ക് പിന്നിലും ആർ. ആർ. സി. യുടെ വിദഗ്ദ്ധ ഹസ്തങ്ങൾ പ്രവർത്തിച്ചിരുന്നു.

പ്രൊഫസർ ആർ. ആർ. സി. എന്നും ഒരു വിവാദ പുരുഷനായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ്, അദ്ദേഹം നോമിനേററ് ചെയ്യുന്ന മററു ഭരേവാഹികൾ, പ്രവർത്തക സമിതി അംഗങ്ങൾ എന്നിവരടങ്ങുന്നതായിരുന്നു 1973 വരെ പ്രവർത്തകസമിതിയുടെ ഘടന. ദീർഘകാലം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ആർ. ആർ. സി പ്രവർത്തകസമിതിയിൽ പലപ്പോഴും ഏകനായിരുന്നു. പക്ഷേ തന്റെ അഭിപ്രായം യുക്തിയുക്തം അവതരിപ്പിച്ച് തന്റെ വാദഗതികളെ നഖശിഖാന്തമെതിർത്തുപോന്നവരെക്കൊണ്ടുവരെ അംഗീകരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് സുപ്രസിദ്ധമാണ്. പ്രവർത്തകസമിതി അംഗീകരിക്കാതിരുന്നത് സംസ്ഥാനകമ്മററിയിലും പരമാധികാരസഭയായ സംസ്ഥാന കൗൺസിലിലും അവതരിപ്പിച്ച് അംഗീകരിപ്പിച്ച സംഭവങ്ങളും വിരളമല്ല. അതുപോലെതന്നെ സമരങ്ങൾ എവിടെ അവസാനിപ്പിക്കണമെന്ന കാര്യത്തിലുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യവും. കോൺഫറൻസുകളിൽ പരമാവധി നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടല്ലാതെ ആർ. ആർ. സി. തിരികെ പോരുമായിരുന്നില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ കഴിവ് അനന്യസാധാരണമായിരുന്നു. ഡയറക്ട്പേമെൻറ് നിലവിൽവന്നതിനുശേഷം ശമ്പളം നിഷേധിക്കപ്പെട്ട 400-ൽ പരം അദ്ധ്യാപകരുടെ പ്രശ്നം; ജൂണിയർ ലക്ചറർ തസ്തിക നിർത്തലാക്കൽ; നോൺ കാഡർ പ്രൊഫസർഷിപ്പ് തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് നടത്തിയ സമരത്തെ

തുടർന്ന് 1973-ൽ മുഖ്യമന്ത്രി ശ്രീ. അച്ചുതമേനോൻ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് 1-9-1972 ൽ സർവ്വീസിലുള്ള മുഴുവൻ അദ്ധ്യാപകർക്കും ശമ്പളം നൽകാനും; രണ്ടു വർഷം സർവ്വീസ് തികയുന്ന മുറക്ക് എല്ലാ ജൂണിയർ ലക്ചറൻമാർക്കും ഓട്ടമാററിക് പ്രൊമോഷൻ നൽകുന്നതിനും, 15 വർഷം തികയുന്നമുറക്ക് നോൺ കാഡർ പ്രൊഫസർഷിപ്പ് നൽകുന്നതിനും തീരുമാനമായി. ജൂണിയർ ലക്ചറർ, ലക്ചററാകണമെങ്കിൽമൂന്നുവർഷം തന്നെ വേണമെന്ന് മുഖ്യമന്ത്രിയും, ആ തസ്തികതന്നെ അനാവശ്യമണെന്നും അതുകൊണ്ട് അത് വേണ്ടെന്ന്വെക്കണമെന്ന് സംഘടനാ പ്രതിനിധികളും വിട്ടുവീഴ്ചക്ക് തയ്യാറാകാതെ ചർച്ച അലസിപ്പിരിയുമെന്ന് വന്ന ഘട്ടത്തിൽ ആർ. ആർ. സി. യുടെ നയചാതുരിയാണ് രക്ഷക്കെത്തിയത്. ശ്രീ. അച്ചുതമേനോൻ ഉദ്യോഗസ്ഥന്മാരോട് സംസാരിക്കാൻ പുറകോട്ട് തിരിഞ്ഞ സമയത്തിന് കാലിക്കട്ട് സർവ്വകലാശാലാ പ്രൊവൈസ്ചാൻസലറായിരുന്ന ശ്രീ മാധവമേനോനെകൊണ്ട് ഒരു ഒത്തുതീർപ്പ് നിർദ്ദേശം വയ്പിച്ചാണ് ആർ. ആർ. സി. രംഗം രക്ഷിച്ചത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കാതിരുന്ന ഒന്നും രണ്ടും യു. ജി. സി. സ്കെയിലുകൾ കേരളത്തിൽ നടപ്പാക്കിയിരുന്നു. മൂന്നാം യു. ജി. സി. സ്കെയിലുകൾക്കുവേണ്ടിയുള്ള സമരത്തിന് സംയുക്ത സമരസമിതി ചെയർമാൻ എന്ന നിലയിൽ ആർ. ആർ. സി. ആയിരുന്നു നേതൃത്വം നൽകിയിരുന്നത്. സമരം അവസാനിച്ചത് ഒരു ഒത്തുതീർപ്പിലായിരുന്നു. സംഘടനയിൽ ഏററവും വിവാദം സൃഷ്ടിച്ച ഒത്തുതീർപ്പ്. ആർ. ആർ. സി. യുടെ അന്നോളമുള്ള ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ എല്ലാം മറന്ന് അദ്ദേഹത്തിന്റെ വിശ്വാസത്തെവരെ ചോദ്യം ചെയ്ത നാളുകൾ. വ്യക്തിപരമായിപ്പോലും അദ്ദേഹത്തെ അടുത്ത സുഹൃത്തുക്കൾവരെ അധിക്ഷേപിച്ചു. തികഞ്ഞ മന:സ്വൈരത്തോടുകൂടിയാണ് ആ പ്രതിസന്ധിയെ അദ്ദേഹം നേരിട്ടത്. ആ സമരത്തിന്റെ ഫലമായി കേരളത്തിലെ സ്വകാര്യ കോളേജദ്ധ്യാപകർക്ക് ലഭിച്ച നേട്ടങ്ങൾ നിസ്സാരങ്ങളായിരുന്നില്ല. യു.ജി. സി. സ്കെയിലുകൾ തത്വത്തിൽ അംഗീകരിച്ചുകിട്ടിയതിനെ അന്ന് കളിയാക്കിയിരുന്നവർക്ക് ഇന്ന് ആ തീരുമാനത്തെതുടർന്ന് 4.ാം യു. ജി. സി. സ്കെയിലുകൾ ലഭിക്കുമ്പോൾ അദ്ദേഹത്തിന് അത് കിട്ടിയില്ല. ഏററവും ക്രൂരമായ രീതിയിൽ സംഘടനയിലെ ഒരു വിഭാഗം അദ്ദേഹത്തിന്റെ സ്വഭാവഹത്യക്ക് ശ്രമിച്ചപ്പോഴും സമനിലവിടാതെ സംഘടനാരംഗത്ത് ഉറച്ചുനിൽക്കുകയാണ് അദ്ദേഹം ചെയ്തത്.

കേരളത്തിലെ രണ്ട് പ്രബല കോർപ്പറേററ് മാനേജ്മെൻറുകൾ സ്ഥലംമാററം എന്ന ആയുധം അദ്ധ്യാപക ദ്രോഹത്തിന് വിദഗ്ദ്ധമായി ഉപയോഗിച്ചുവന്നിരുന്നു. ഒന്നാം യു. ജി സി. സ്കെയിൽ അനുവദിച്ചസമയം അധികച്ചിലവിന്റെ പന്ത്രണ്ടരശതമാനം മാനേജ്മെൻറുകൾ വഹിക്കണമെന്നായിരുന്നു ഒത്തുതീർപ്പ് നിർദ്ദേശം. എൻ. എസ്. എസ്. മാനേജ്മെൻറ് മുഴുവൻതുകക്കും അദ്ധ്യാപകർ ഒപ്പിട്ടുകൊടുക്കണമെന്നും പന്ത്രണ്ടരശതമാനം കഴിച്ചുള്ള സംഖ്യമാത്രമേ നൽകൂ എന്നുമുള്ള നിലപാടാണ് സ്വീകരിച്ചത്. ഇതിനെ അദ്ധ്യാപകർ എതിർത്തപ്പോൾ ആ എതിർപ്പിന് നേതൃത്വം നൽകിയ ആർ.ആർ.സി. യെ അന്ന് പുതിയതായി തുടങ്ങിയ യു. ജി. സി. സ്കെയിലുകൾക്ക് അർഹതയില്ലാത്ത ഒററപ്പാലം എൻ. എസ് എസ്. കോളേജിലേക്ക് സ്ഥലംമാററി ശിക്ഷിക്കുകയാണുണ്ടായത്. മാനേജ്മെൻറുകളുടെ അമിതാധികാരശക്തികുറക്കാനുള്ള സമരത്തിന് അന്ന് തുടക്കംകുറിച്ചു പക്ഷേ 1974–ലെ കേരള സർവ്വകലാശാലാനിയമത്തോടെ മാത്രമേ അന്തർസർവ്വകലാശാലാ സ്ഥലംമാററം നിരോധിക്കുന്ന വകുപ്പ് പാസ്സായുള്ളു. ആ വകുപ്പിനെതിരെ ശക്തമായ എതിർപ്പ് അദ്ധ്യാപകരുടെ ഭാഗത്തുനിന്നായിരുന്നു. അക്കാരണത്താലാണ് ആ വകുപ്പ് അന്ന് പ്രാബല്യത്തിൽ വരാതിരുന്നതും. കോർപ്പറേററ് മാനേജുമെൻറുകളിലെ അദ്ധ്യാപകർക്ക് ഏററവും കൂടുതൽ പ്രയോജനം നൽകുന്ന-മാനേജുമെൻറുകളുടെ കാൽക്കീഴിൽനിന്ന് മോചനം നേടി സ്വതന്ത്രരാകാൻ സഹായിക്കുന്ന ആ വകുപ്പ് 1987 ൽ നടപ്പാക്കിയപ്പോഴും അതിനെതിരെ കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും മാനേജുമെൻറുകൾക്കുവേണ്ടി കേസ് കൊടുത്തതും അദ്ധ്യാപകരായിരുന്നു. ഡയറക്ട് പേമെൻറ് സമരത്തെതുടർന്ന് ആർ.ആർ. സി. ഉൾപ്പടെ ആറുപേരെ മലബാർ കോളജു

കളിലേക്ക് സ്ഥലം മാററിയതിനെതുടർന്നുണ്ടായ സംഭവ വികാസങ്ങളാണ് 64-ാം വകുപ്പ് നിർമ്മിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.


'60 കളുടെ അവസാനം അദ്ധ്യാപകർക്ക് അനുവദിച്ച് കിട്ടിയ നിയമാധിഷ്ഠിത സേവന ഭദ്രതയെവെല്ലുവിളിച്ചു കൊണ്ട് എസ്. എൻ. കോളേജുകൾ, കോട്ടയം സി. എം. എസ്, ബസേലിയോസ്; കാലടി ശ്രീശങ്കര; കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്സ്; കോലഞ്ചേരി സെൻറ് പീറേറഴ്സ്; കൊല്ലം ഫാത്തിമ എന്നീ കോളേജുകളിൽ നടന്ന പിരിച്ചുവിടീൽ; അവകാശനിഷേധം എന്നിവക്കെതിരെ നടന്ന സമരങ്ങളെല്ലാം വിജയിപ്പിക്കുന്നതിലും ആർ.ആർ സി. വഹിച്ചപങ്ക് പ്രത്യേക പരാമർശം അർഹിക്കുന്നു. മാനേജുമെൻറ് ഗുണ്ടകളെക്കൊണ്ട് സമരം തകർക്കാൻ ശ്രമിച്ച സന്ദർഭങ്ങളിലെല്ലാം സംഘടിത തൊഴിലാളി വർഗ്ഗത്തിൻെറ സഹായത്തോടെ ഗുണ്ടകളെ കായികമായിത്തന്നെ നേരിടുന്നതിനും നേതൃത്വം നൽകിയത് ആർ. ആർ. സി. ആയിരുന്നു

നാം ഇന്നനുഭവിക്കുന്ന നേട്ടങ്ങൾ എല്ലാം ആർ.ആർ.സി എന്ന ഒററ വ്യക്തിയുടെ നേട്ടമായിരുന്നു എന്നല്ല ഞാൻ സൂചിപ്പിച്ചത്. ദീർഘമായ മൂന്നുപതിററാണ്ട്കാലത്ത് സംഘടനയെ ലക്ഷ്യബോധത്തോടുകൂടിനയിക്കുന്നതിനും അധ്വാനിക്കുന്ന ജനവിഭാഗങ്ങളോടൊപ്പം നിലനിന്നുകൊണ്ട് മാത്രമേ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളു എന്ന അടിയുറച്ച വിശ്വാസത്തോടുകൂടി പ്രവർത്തിക്കുകയും ആകാഴ്ചപ്പാടിലേക്ക് ബഹുഭൂരിപക്ഷം അദ്ധ്യാപകരേയും അവരുടെ കരുത്തുററ സംഘടനയായ എ കെ പി.സി.ടി.എ. യെയും കൊണ്ടെത്തിക്കുകയും ചെയ്തു എന്നുള്ളതാണ് പ്രൊഫസർ ആർ. രാമചന്ദ്രൻ നായരെ നമ്മുടെയെല്ലാം ആരാദ്ധ്യനായ ആർ. ആർ സി. ആക്കിയത് അദ്ധ്യാപക സർവ്വീസ് സംഘടനാ ഐക്യസമരസമിതിക്ക് രൂപംകൊടുക്കുന്നതിൽ ആർ. ആർ. സി. ക്ക് നിർണ്ണായകമായ പങ്കുണ്ടായിരുന്നു.

ഒരു ബഹുജന നേതാവായിരുന്ന ആർ. ആർ. സി. ക്ക് സ്വന്തം കുടുംബത്തിൻെറ കാര്യം ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. വ്യക്തിപരമായ എല്ലാ അസൗകര്യങ്ങളും കഴിഞ്ഞതിനുശേഷം സംഘടനാപ്രവർത്തനം എന്നുള്ളതായിരുന്നില്ല അദ്ദേഹത്തിൻെറ ശൈലി.

ആർ. ആർ. സി. ഏറെറടുത്ത മുഴുവൻ കർത്തവ്യങ്ങളും പൂർത്തീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. പക്ഷേ അദ്ദേഹത്തിൻെറ ദൗത്യം പൂർത്തീകരിക്കാൻ കഴിവുള്ള ഉശിരൻ പ്രവർത്തകരുള്ള ഒരു കരുത്തുററ സംഘടന കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹം ഏറെറടുത്ത കടമകൾ പൂർത്തീകരിക്കാൻ എന്തുത്യാഗവും ചെയ്യാൻ നാം തയ്യാറാണെന്ന് ഇത്തരുണത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. അദ്ദേഹത്തെ സന്തുഷ്ടനാക്കുന്നതും അതായിരിക്കുമല്ലോ.

ആർ. ആർ. സി. ക്ക് എൻെറ ആദരാഞ്ജലികൾ. □



# പരമേശ്വരൻ നമ്പൂതിരി അന്തരിച്ചു

പയ്യന്നൂർ കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപകൻ ടി. പി. പരമേശ്വരൻ നമ്പൂതിരി (38) ഡിസംബർ നാലാംതീയതി നിര്യാതനായി. എ കെ പി സി ടി എ യുടെ സജീവപ്രവർത്തകനായിരുന്നു നമ്പൂതിരി.

സംഘടനയുടെ പയ്യന്നൂർ ബ്രാഞ്ച് യോഗംചേർന്ന് പരമേശ്വരൻ നമ്പൂതിരിയുടെ അകാലദേഹവിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തി.

## DUTY LEANE FOR REFRESHER COURSES

No. 36805/F2/90/H. Edn. Higher Education F) Department,
Thiruvananthapuram, 15-11-1991.

From
The Commissioner & Secretary to Government.

To
The Director of Collegiate Education, Thiruvananthapuram.

Sir,

Sub:- Duty Leave for attending Refresner Courses/ Orientation Courses/Seminars - reg.

Ref:- Your letter No Plg 1/19720/91/Coll.Edn. dt 13.11.91.

In inviting your attention to the reference cited I am directed to inform you that there is no objection in deputing teachers for refresner courses/summer institutes etc. outside the States also on the anology of G O. (Rt) No 1831/77/H.Edn. dated 28.10 1977 with the benefit of duty leave provided it does not involve any additional financial Commitment to Government. I am also directed to request you to forward immediately comprehensive proposals in the matter, taking in to account the requirements of UGC Scheme in regard to training of teachers for issuing a general guidelines in the matter.

Yours faithfully,

G. PADMAKUMARI AMMA,
UNDER SECRETARY TO GOVT.




അധ്യാപകരുടെ തടഞ്ഞുവച്ച ശമ്പളം ഉടൻനല്കുക, യു. ജി. സി. സ്കെയിൽ നടപ്പിലാക്കുന്ന നടപടി ത്വരിതപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എ കെ പി സി ടി എ പ്രവർത്തകർ എല്ലാ ഡെ. ഡയറക്ടർ ഓഫീസുകൾക്കുമുമ്പിലും നടത്തിയ ധർണയുടെ ഭാഗമായി കൊല്ലത്തുനടന്ന ധർണ എൻ. ജി. ഒ. യൂണിയൻ നേതാവ് സ. വരദൻ ഉദ്ഘാടനം ചെയ്യുന്നു.

# ക്ഷാമബത്ത ഒരു ഗഡുകൂടി കുടിശ്ശികയാവുന്നു

പി. ഹരിദാസൻ, സെക്രട്ടറി, എ. കെ. പി. സി. ടി. എ.

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-7-'91 മുതൽ ഒരു ഗഡുക്ഷാമബത്തകൂടി അനുവദിച്ചുകൊണ്ട് ഉത്തരവായി. 3500 രൂപ വരെ അടിസ്ഥാനശമ്പളം പററുന്നവർക്ക് ശമ്പളത്തിന്റെ 60% വും, 3501 രൂപ മുതൽ 6000 രൂപവരെ ഉള്ളവർക്ക് 45%വും (ചുരുങ്ങിയത് 2100 രൂപയും) 6000 രൂപയ്ക്കു മുകളിൽ 39%വും(ചുരുങ്ങിയത് 2700 രൂപയും) ആണ് പുതുക്കിയക്ഷാമബത്താ നിരക്കുകൾ. കേരളത്തിലെ അദ്ധ്യാപകർക്കും മററു ജീവനക്കാർക്കു, ഈ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ടുള്ള ഉത്തരവ് താമസിയാതെ കേരള സർക്കാർ പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ ഉത്തരവു വരുമ്പോൾ കേരളത്തിലെ കോളജദ്ധ്യാപകർക്ക് 1-7-'91 മുതൽ ലഭിക്കേണ്ട, പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്തയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| UGC Scale | | UGC Scale | | UGC Scale | | State Scale | | State Scale | |
|---|---|---|---|---|---|---|---|---|---|
| Pay Rs | DA Rs | Pay Rs | DA Rs | Pay Rs | DA Rs | Pay Rs | DA Rs | Pay Rs | DA Rs |
| 2200 | 1320 | 3750 | 2100 | 4800 | 2160 | 1450 | 870 | 2725 | 1635 |
| 2275 | 1365 | 3825 | 2100 | 4825 | 2171 | 1490 | 894 | 2825 | 1695 |
| 2350 | 1410 | 3875 | 2100 | 4875 | 2194 | 1530 | 918 | 2925 | 1755 |
| 2425 | 1455 | 3950 | 2100 | 4950 | 2228 | 1590 | 954 | 3050 | 1830 |
| 2500 | 1500 | 4000 | 2100 | 5000 | 2250 | 1650 | 990 | 3175 | 1905 |
| 2575 | 1545 | 4075 | 2100 | 5100 | 2295 | 1710 | 1026 | 3300 | 1980 |
| 2650 | 1590 | 4125 | 2100 | 5250 | 2363 | 1770 | 1062 | 3425 | 2055 |
| 2725 | 1635 | 4200 | 2100 | 5400 | 2430 | 1830 | 1098 | 3550 | 2100 |
| 2800 | 1680 | 4250 | 2100 | 5550 | 2498 | 1910 | 1146 | 3675 | 2100 |
| 2900 | 1740 | 4325 | 2100 | 5700 | 2565 | 1990 | 1194 | 3815 | 2100 |
| 3000 | 1800 | 4375 | 2100 | 5900 | 2655 | 2070 | 1242 | | |
| 3100 | 1860 | 4450 | 2100 | 6100 | 2700 | 2150 | 1290 | | |
| 3200 | 1920 | 4500 | 2100 | 6300 | 2700 | 2230 | 1338 | | |
| 3300 | 1980 | 4575 | 2100 | 6500 | 2700 | 2310 | 1386 | | |
| 3400 | 2040 | 4625 | 2100 | 6700 | 2700 | 2390 | 1434 | | |
| 3500 | 2100 | 4650 | 2100 | 6900 | 2700 | 2470 | 1482 | | |
| 3625 | 2100 | 4700 | 2115 | 7100 | 2769 | 2555 | 1533 | | |
| 3700 | 2100 | 4750 | 2138 | 7300 | 2847 | 2640 | 1584 | | |

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

| | | |
|---|---|---|
| 1. Title of the Newspaper | : | KERALA PRIVATE COLLEGE TEACHER |
| 2. Place of Publication | : | THIRUVANANTHAPURAM, KERALA |
| 3. Periodicity of Publication | : | MONTHLY |
| 4. Printer's Name | : | PROF. V. NARAYANAN KUTTY |
| Nationality | : | Indian |
| Address | : | Professor<br>Guruvayoorappan College, Calicut |
| 5. Publisher's Name | : | PROF. V. NARAYANAN KUTTY |
| Nationtlity | : | Indian |
| Address | : | Professor<br>Guruvayaoorappan College Calicut |
| 6. Editor's Name | : | K. Sukumaran Nair |
| Nationality | : | Indian |
| Address | : | Naranath, Pillaveedu Lane,<br>Kesavadasapuram, Thiruvananthapuram-4 |
| 7. Name and Address of the individuals who owns the Newspaper | : | ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION |

I Prof. V. Narayanan Kutty hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Prof. V. Narayanan Kutty

30-12-'91

---

**ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്:**

1991–92 ലെ ജേർണൽ വരിസംഖ്യ അടച്ചുതീർത്തിട്ടില്ലാത്ത ബ്രാഞ്ചുകാം ഉടൻ തന്നെ വരിസംഖ്യ മാനേജിംഗ് എഡിററർക്ക് (ഡ്രാഫ്ററ്/എം. ഒ.) അയച്ചു തരണമെന്നഭ്യർത്ഥിക്കുന്നു.

100–ാം ലക്കം സ്പെഷ്യലിലെ പരസ്യങ്ങളുടെ തുക ഇനിയും ശേഖരിച്ച് അയച്ചിട്ടില്ലാത്തവർ എത്രയും പെട്ടെന്ന് പരസ്യതുക അയച്ചുതരാൻ പ്രത്യേകം ശ്രദ്ധിക്കുക.

---

എല്ലാ മാന്യ വരിക്കാർക്കും കേരള പ്രൈവററ് കോളേജ് ടീച്ചറിന്റെ

**"പുതുവൽസരാശംസകൾ"**

---




യൂണിവേഴ്സിററി ജനാധിപത്യം കവർന്നെടുക്കാനുള്ള കേരളസർക്കാരിന്റെ നീക്കത്തിൽ പ്രതിഷേധിച്ച് എ കെ പി സി ടി എ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നടത്തിയ സായാഹ്ന ധർണയുടെ ഭാഗമായി കണ്ണൂരിൽ നടന്ന ധർണ ജില്ലാകൗൺസിൽ അംഗം പ്രൊഫ. രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

---

## കൃതജ്ഞത

ഞങ്ങളുടെ എല്ലാമായിരുന്ന പ്രൊഫസർ ആർ. ആർ. സി. യുടെ ദേഹവിയോഗത്തിൽ നേരിട്ടുവന്നും അനുശോചനങ്ങൾവഴിയും ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്ന ബന്ധുജനങ്ങളോടും സുഹൃത്തുക്കളോടും ഉള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.


ഭാര്യ: ബി. ശാന്തകുമാരി അമ്മ

മക്കൾ: ബിന്ദു, സിന്ധു.

അമ്പലപ്പുഴ

10-12-'91

monthly journal of the all kerala private college teachers association
No. 102 R. No. 36025/81 Registered No KLTV (N) 35




അധ്യാപകരുടെ തടഞ്ഞുവച്ചശമ്പളം ഉടൻ നൽകണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ ഭാരവാഹികൾ സെക്രട്ടേറിയററുപടിക്കൽ നടത്തിയ ഉപവാസസത്യാഗ്രഹം സ. പി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

Printed and published by V. narayanankutty at chempaka printers trivandrum-4 phone: 442127 chief editor: K. Sukumaran nair